# അൽ ഹഖ്

AHMADIYYA NEWS BULLETTIN

LOVE FOR ALL HATRED FOR NONE

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ജൂലായ് 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ: ആശങ്കയകലാതെ ബർലിൻ പള്ളി


നാലാം പേജിൽ: കാനഡാ ജൽസയിൽ പ്രധാനമന്ത്രി പങ്കെടുത്തു

അഞ്ചാം പേജിൽ: പ്രകാശം പരത്തുന്ന ജീവിതങ്ങൾ (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ) ഹദ്റത്ത് സയ്യിദ ഉമ്മു നാസിർ സാഹിബ(റ)

ആറാം പേജിൽ: വീണ്ടും താജ്മഹൽ




ഏഴാം പേജിൽ: പിന്നിട്ട നാളുകൾ യു. അബൂബക്കർ സാഹിബ്




# സത്യവിശ്വാസിയുടെ പ്രത്യേകതകൾ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

ഒരു സത്യവിശ്വാസിയുടെ ആദ്യത്തെ പ്രത്യേകതയായി പറഞ്ഞത് അവൻ അദൃശ്യത്തിൽ വിശ്വസിക്കുന്നു എന്നാണ്. അതായത്, അല്ലാഹു സർവ്വശക്തനാണെന്നുള്ള തികഞ്ഞ വിശ്വാസമുണ്ടായിരിക്കുക. ഈ തികഞ്ഞ വിശ്വാസമുണ്ടാകുമ്പോൾ അല്ലാഹു തന്റെ അസ്തിത്വത്തെക്കുറിച്ച് വിവിധ രീതിയിൽ സത്യവിശ്വാസിക്കറിയിച്ചുകൊടുക്കുന്നു. ഇപ്രകാരംതന്നെയാണ് മലക്കുകളിലുള്ള വിശ്വാസവും മരിച്ചതിനുശേഷമുള്ള ജീവിതത്തെക്കുറിച്ചുള്ള വിശ്വാസവുമെല്ലാം വിശ്വാസത്തിന്റെ ഉദാഹരണങ്ങളാണ്. ഏതു പരിതസ്ഥിതിയിലും സ്വന്തം വിശ്വാസത്തെ ഉറപ്പിച്ചുനിറുത്തുക എന്നതും അദൃശ്യത്തിലുള്ള വിശ്വാസമാണ്. ആരേയും കാണിക്കാൻ വേണ്ടി സൽകർമ്മം ചെയ്യരുത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നത് മാത്രമായിരിക്കണം അതിന്റെ ഉദ്ദേശ്യം.



അല്ലാഹു ഏതു പരിതസ്ഥിതിയിലും തന്നെ കാണുന്നുണ്ടെന്നുള്ള വിചാരം ഉണ്ടായിരിക്കണം. ശത്രുക്കളോടുള്ള ഭയം, ഏതെങ്കിലും രീതിയിലുള്ള ഭീരുത്വം, സ്വാർത്ഥത തുടങ്ങിയവയൊന്നും അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിൽനിന്ന് തടയാൻ പാടില്ല. ഇതാണ് കെട്ടുറപ്പുള്ള വിശ്വാസത്തിന്റെ ഒന്നാമത്തെ നിബന്ധന.

സത്യവിശ്വാസിയാകുന്നതിന് രണ്ടാമത്തെ പൊതുവെയുള്ള നിബന്ധന നമസ്കാരം നിലനിറുത്തുക എന്നതാണ്. നമസ്കാരം നിലനിറുത്തുക എന്നുപറഞ്ഞാൽ പ്രത്യേക ശ്രദ്ധയോടുകൂടി സ്വന്തം നമസ്കാരത്തിന് മേൽനോട്ടം വഹിക്കുകയും അതു മുടങ്ങാതെ അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. കാരണം നമസ്കാരം മുറപ്രകാരം നാം അനുഷ്ഠിക്കുന്നില്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ചിലപ്പോൾ നമസ്കരിക്കുക, ചിലപ്പോൾ നമസ്കരിക്കാതിരിക്കുക, ചിലപ്പോൾ ഉറക്കം വരിക, അങ്ങനെ ഇശാഅ് നമസ്കാരം നഷ്ടപ്പെടുക, നമസ്കരിക്കാതെ കിടന്നുറങ്ങുക, ചിലപ്പോൾ ഗാഢനിദ്രയിലായതുകൊണ്ട് സുബ്ഹിക്ക് എഴുന്നേല്ക്കാൻ കഴിയാതെ വരിക തുടങ്ങിയവ. അങ്ങനെ വരുമ്പോൾ ചിലയാളുകൾ നമസ്കാരം തന്നെ ഉപേക്ഷിച്ചുകളയാറുണ്ട്. ഇത് ശരിയല്ല. ഉണർന്നാലുടനെ സുബ്ഹി നമസ്കരിക്കേണ്ടതാണ്. സൂര്യനുദിച്ചതിനുശേഷം നമസ്കരിക്കുമ്പോൾ നാണക്കേടാകുമെന്ന് കരുതി നമസ്കരിക്കാതിരിക്കരുത്. തന്നത്താൻ അപലപിക്കുമ്പോൾ രണ്ടാം ദിവസം ഒരുപക്ഷേ, അത് കൃത്യസമയത്ത് ഉണരാൻ മുഅ്മിനെ പ്രേരിപ്പിക്കും. ജോലി ചെയ്യുന്നവർക്ക് ളുഹ്ർ, അസ്ർ നമസ്കാരങ്ങൾ നഷ്ടപ്പെടാറുണ്ട്. എന്നാൽ, അല്ലാഹു പറയുന്നത് നമസ്കാരം മുറപ്രകാരം നിലനിറുത്തുന്നവനാണ് സത്യവിശ്വാസി എന്നാണ്. എങ്ങനെയാണ് നമസ്കാരം നിലനിറുത്തുന്നത്? *അലാ സ്വലാത്തിഹിം ദായിമൂൻ* തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരതയോടെ നില്ക്കുന്ന നമസ്കാരക്കാർ (70:24). ചിലപ്പോൾ നമസ്കാരം നഷ്ടപ്പെട്ടാൽ, അത് സാരമില്ല എന്ന് പറയുന്നവരല്ല അവർ. നേരെമറിച്ച് തുടർന്നു പറഞ്ഞു *അലാ സ്വലാത്തിഹിം യുഹാഫിളുൻ*. നമസ്കാരങ്ങൾ സംരക്ഷിക്കാൻ അരമുറുക്കിയിരിക്കുന്നവരാണ

(ശേഷം 2-ാം പേജിൽ)

# അഹ്മദിസ്ത്രീയുടെ മൃതദേഹം ഖബറിൽനിന്നും മാന്തിയെടുത്തു

**പാക്കിസ്ഥാൻ:** പാക്കിസ്ഥാനിൽ സിന്ധ് പ്രവിശ്യയിലെ ബാദിൻ ജില്ലയിലെ ഖുദാഅബാദ് വില്ലേജിൽ 60 വയസ്സ് പ്രായമായ അഹ്മദി സ്ത്രീയുടെ മൃതദേഹം പ്രാദേശിക മുല്ലമാരുടെ സമ്മർദ്ദത്തെത്തുടർന്ന് ഖബറിൽനിന്നും മാന്തിയെടുത്തു. പൊതുശ്മശാനത്തിൽ മറവ് ചെയ്യപ്പെട്ട മൃതദേഹം പിന്നീട് പോലീസ് അധികാരികളുടെ സാന്നിധ്യത്തിൽ അഹ്മദിയ്യാ ഖബർസ്ഥാനിൽ മറവ് ചെയ്തു. ജൂൺ 8-നാണ് സംഭവം നടന്നത്.

ജൂൺ 5-ാം തിയ്യതിയാണ് ബാംബിബീബി മരണപ്പെട്ടത്. 8 വർഷം മുമ്പ് മരണപ്പെട്ട ഭർത്താവ് ഇല്യാസ് അഹ്മദിന്റെ ഖബറിടത്തിന്നരികിൽത്തന്നെ താൻ മരണപ്പെട്ടാൽ മറവ് ചെയ്യണമെന്ന് സ്ത്രീ ഒസിയ്യത്ത് ചെയ്തിരുന്നു. അനഹ്മദി - അഹ്മദി മുസ്ലിംകൾ പൊതുവായി ഉപയോഗിക്കുന്ന ഖബർസ്ഥാനിലാണ് ഇല്യാസ് അഹ്മദിന്റെ ജനാസ ഖബറടക്കിയത്. ബാംബിബീബിയുടെ ആഗ്രഹപ്രകാരം അഹ്മദികൾ അവരുടെ ജനാസയും പൊതുശ്മശാനത്തിൽ ഖബറടക്കിയെങ്കിലും മൗലവി അബ്ദുൽ സത്താർ ചൗറയുടെ നേതൃത്വത്തിലുള്ള മുല്ലമാർ എതിർപ്പുമായി രംഗത്തുവരികയും ബാംബിബീബിയുടെ മൃതദേഹം അഹ്മദികളുടെ സ്വന്തം ഖബർ സ്ഥാനിൽ അടക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സംഘർഷം സൃഷ്ടിക്കുകയും ചെയ്തു. അവസാനം പോലീസ് സാന്നിധ്യത്തിൽ മൃതദേഹം മാന്തിയെടുത്ത് അഹ്മദിയ്യാ ഖബർസ്ഥാനിൽ മറവ് ചെയ്തു. മുൻസർക്കാരുകളുടെ കാലത്ത് അഹ്മദികൾക്കെതിരായി തുടർന്നിരുന്ന വിവേചനം മുശറഫിന്റെ പട്ടാളഭരണത്തിലും തുടരുകയാണെന്ന് സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് റബ്വയിൽനിന്നും ജമാഅത്ത് പ്രസ്താവന ഇറക്കിയിട്ടുണ്ട്.

# അഹ്മദികൾ വീണ്ടും ഇലക്ഷൻ ബഹിഷ്കരണത്തിലേക്ക്

**ലാഹോർ:** ഒരിക്കൽ കൂടി പാക്കിസ്ഥാനിലെ അഹ്മദികൾ ഇലക്ഷൻ ബഹിഷ്കരണത്തിന് ഒരുങ്ങേണ്ടിവന്നിരിക്കുന്നു. അഹ്മദികൾക്കു മാത്രമായി പ്രത്യേക വോട്ടേർസ്ലിസ്റ്റ് ഇറക്കിയതിൽ പ്രതിഷേധിച്ചാണിത്. ജൂൺ പകുതിയോടെ പാക്കിസ്ഥാൻ ഇലക്ഷൻ കമ്മീഷൻ ദേശീയതലത്തിൽതന്നെ വോട്ടേർസ് ലിസ്റ്റ് പുതുക്കുകയുണ്ടായി. ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെട്ട കരട് വോട്ടേർസ് ലിസ്റ്റിലാണ് അഹ്മദികളെ വിവേചനപൂർവ്വം പ്രത്യേക ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. എല്ലാ പൗരന്മാരേയും ഒന്നടങ്കം ഉൾക്കൊള്ളുന്ന വോട്ടേർസ് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നായിരുന്നു അടുത്ത കാലംവരെ ഗവർമ്മെന്റ് പറഞ്ഞിരുന്നത്. എന്നാൽ, ഇസ്ലാമിക തീവ്രവാദികളെ ഭയന്ന ഗവർമ്മെന്റ് പഴയതുപോലെതന്നെ അഹ്മദികളോട് പക്ഷപാതപരമായി പെരുമാറി.

എന്നാൽ, ഇക്കാര്യത്തിൽ തങ്ങളുടെ പങ്കിനെ ന്യായീകരിക്കുകയാണ്, പാക്കിസ്ഥാൻ ഇലക്ഷൻ കമ്മീഷൻ. ഇലക്ഷൻ കമ്മീഷൻ സെക്രട്ടറി കൺവർ ദിൽശാദ് അഹ്മദ് ഇങ്ങനെയൊരു സംഭവം താനറിഞ്ഞതേയില്ലെന്ന് പറഞ്ഞു. മാത്രവുമല്ല ഇത്തരം ഒരു പാകപ്പിഴ വന്നിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുമെന്നും ഡെയിലി ടൈംസ് പത്രത്തോട് വെളിപ്പെടുത്തി. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് കരട് പത്രിക മാത്രമാണെന്നും തങ്ങളുടെ സമുദായത്തിലുള്ള ആളുകളുടെ വോട്ടവകാശം പരിശോധിക്കുന്നതിനായാണ് ഇങ്ങനെയൊരു പ്രസിദ്ധീകരണമെന്നും ദിൽശാദ് അവകാശപ്പെട്ടു.

2002-ലെ അന്താരാഷ്ട്ര മതാവകാശങ്ങൾക്കുള്ള യു.എസ്സ്. കമ്മീഷൻ റിപ്പോർട്ടിൽ പാക്കിസ്ഥാൻ പ്രത്യേകം പ്രത്യേകം വോട്ടേർസ് ലിസ്റ്റ് ഇറക്കുന്നത് നിർത്തിയതായി പരാമർശിച്ചിരുന്നു. എന്നാൽ, വിവേചനം ഒരു തലത്തിൽ നിന്ന് മറ്റൊരു തലത്തിലേക്ക് മാറ്റിയതല്ലാതെ അനീതി പൂർണ്ണമായും സമ്മതിദാനാവകാശത്തിൽ നിന്ന് തുടച്ചുനീക്കാൻ പാക്ക് ഗവർമ്മെന്റിന് സാധിച്ചിട്ടില്ല എന്ന് അഹ്മദിയ്യാ മുസ്ലിം നേതാക്കൾ പറയുന്നു. പുറംരാജ്യങ്ങളിൽ എല്ലാ ആളുകളേയും ഒരുപോലെ കാണുന്നുവെന്ന് പ്രചരിപ്പിക്കുകയും എന്നാൽ, അഹ്മദികളോട് തീർത്തും നിന്ദാപരമായി പെരുമാറുകയുമാണ് പാക്ക് സർക്കാർ.

2002-ൽ പൊതുവായ ഒരൊറ്റ വോട്ടേർസ് ലിസ്റ്റ് തയ്യാറാക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. എന്നാൽ, 2002 ജൂൺ 17-ന് ജനറൽ പർവേസ് മുശറഫ് പുറത്തിറക്കിയ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ അഹ്മദികൾക്കു

(ശേഷം 3-ാം പേജിൽ)

# വിദ്യാഭ്യാസത്തിലൂടെ പുരോഗമിക്കുക: ശിറാസ് അഹ്മദ് സാഹിബ്



**കണ്ണൂർ:** അഹ്മദി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ പറ്റാത്തവിധം പ്രാധാന്യമേറിയതാണെന്ന് നാസിർ തഅ്ലിം ശിറാസ് അഹ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ ടൗൺ പള്ളിയിൽ ചേർന്ന തർബിയ്യത്ത് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശങ്ങൾ പാലിക്കുക എന്നത് നിസാമിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചാണ്. ഏറ്റവും ചുരുങ്ങിയത് നൂറ് പ്രമുഖ ശാസ്ത്രജ്ഞന്മാരെങ്കിലും അടുത്തകാലത്തായി നമുക്കിടയിൽനിന്ന് ഉയർന്നുവരണമെന്നാണ് ഹുസൂറിന്റെ കല്പന. നോബൽ പുരസ്കാരം നേടാൻ അർഹതയുള്ള ഒട്ടേറെ പേരെ സൃഷ്ടിക്കുക എന്നത് ജമാഅത്തിന്റെ ദൗത്യമാണ്.... ശിറാസ് സാഹിബ് തുടർന്നു പറഞ്ഞു. ചടങ്ങിൽ കണ്ണൂർ മേഖലാ അമീർ കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ആധ്യക്ഷ്യം വഹിച്ചു. കെ. അബ്ദുൽ അസീസ് സാഹിബ് സ്വാഗതവും ബശീർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു.

# കുട്ടിക്കുറ്റവാളികൾ പെരുകുന്നു

**ടൊറാന്റോ, (കാനഡ):** കാനഡയിൽ കുട്ടികൾ ചെയ്യുന്ന കുറ്റങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. പക്ഷേ കുട്ടിക്കുറ്റവാളികൾ അധികവും കുടിയേറ്റക്കാരുടെ ഇടയിൽനിന്നാണ്. യാഥാസ്ഥിതിക മനോഭാവം പുലർത്തുന്ന കുടിയേറ്റക്കാർ തങ്ങളുടെ കുട്ടികൾ കുറ്റകൃത്യങ്ങളിലേർപ്പെടുമ്പോൾ പോലീസിനെ അറിയിക്കുന്നില്ല. മറിച്ച്, പോലീസില്ലാതെ തന്നെ അവ പരിഹരിക്കാൻ ശ്രമിക്കുകയാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ കാനഡയിലെ മുസ്‌ലിം കുടിയേറ്റക്കാരുടെ കുട്ടികളാണ് ഇത്തരം കുറ്റകൃത്യങ്ങളിലേക്ക് കൂടുതലായും തിരിയുന്നത്.

ഈ കുറ്റവാളികൾ മുസ്‌ലിംകളേയും അമുസ്‌ലിംകളേയും ലക്ഷ്യമിടുന്നു. ഇവർ പിടിക്കപ്പെട്ടാൽ കഴിയുന്നതും പോലീസിനെ വിവരമറിയിക്കാതെ പ്രശ്നം പരിഹരിക്കുകയാണത്രെ പതിവ്. മുസ്‌ലിം പെൺകുട്ടികൾ കുട്ടിക്കുറ്റവാളികളാൽ ആക്രമിക്കപ്പെടുന്നത് ഏറിവരികയാണ്. മുസ്‌ലിം പെൺകുട്ടികൾ പുറത്താരോടും പരാതി പറയില്ല എന്ന ധാരണയാണിതിന് കാരണം. ഇക്കഴിഞ്ഞ ജൂൺ 27-ന് ഇത്തരത്തിൽ ഒരു സംഭവവുമായി ബന്ധപ്പെട്ട് സി.ഡബ്യു. ജെഫ്രിസ് കോളേജിലെ പ്രിൻസിപ്പാളിനും, രണ്ട് വൈസ് പ്രിൻസിപ്പാൾമാർക്കും നിർബ്ബന്ധിത അവധി നല്കിയിരിക്കുകയാണ്. ഇതേ സ്ഥാപനത്തിലാണ് ജോർദാൻ മാനേഴ്സ് എന്ന വിദ്യാർത്ഥി മേയ് മാസം വധിക്കപ്പെട്ടത്. ഈ സ്കൂളിൽ 14 കാരിയായ ഒരു മുസ്‌ലിം പെൺകുട്ടിയോട് ബാത്ത്റൂമിൽവച്ച് ലൈംഗികവേഴ്ചയ്ക്ക് വഴങ്ങാൻ ആവശ്യപ്പെടുകയായിരുന്നു അക്രമികൾ.

ഇത്തരം സംഭവങ്ങൾ വർദ്ധിച്ചതിനെ തുടർന്ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ കാനഡാ അധ്യക്ഷൻ നസിം മഹ്ദി ഓന്റേറിയോ അറ്റോർണി ജനറൽ മൈക്കൽ ബ്രെയന്റുമായി കൂടിക്കാഴ്ച നടത്തുകയും മുസ്‌ലിം പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ അക്രമത്തെ അപലപിക്കുകയും ചെയ്തു. ഇതിന്നെതിരെ കനേഡിയൻ ഗവർമ്മെന്റ് ശക്തമായ നടപടികളെടുക്കണമെന്ന് നസിം മഹ്ദി അറ്റോർണി ജനറലിനോട് അഭ്യർത്ഥിച്ചു. വാർത്താ ഏജൻസിയായ സ്റ്റാറിനോട് സംസാരിച്ച മഹ്ദി ഈ സംഭവങ്ങൾ കനേഡിയൻ സംസ്കാരമാണെങ്കിൽ ഇവ സഹിക്കുക വിഷമകരമാണെന്ന് പറഞ്ഞു.

അധ്യാപകർ പല സ്കൂളുകളിലും വിഷമവൃത്തത്തിലാണ്. ആഭാസകരമായ കാര്യങ്ങൾ ചെയ്യുന്ന കുടിയേറ്റ മുസ്‌ലിം കുറ്റവാളികൾക്കെതിരെ തുറന്ന് പ്രതികരിക്കാൻ ഇവർ ഭയപ്പെടുന്നു. നിശബ്ദതയുടേതായ ഒരു സാംസ്കാരിക ചട്ടം അടിച്ചേല്പിക്കപ്പെട്ടതിനാലാണിതെന്ന് അഹ്മദിയ്യാ മുസ്‌ലിം അഭിഭാഷകനായ നദീം സിദ്ദിഖ് അഭിപ്രായപ്പെട്ടു. പാക്കിസ്ഥാനിലെപോലെ സ്ത്രീ വിദ്വേഷപരമായ ബലാൽക്കാര നിയമങ്ങൾ കാനഡപോലുള്ള സ്ഥലങ്ങളിലും നടപ്പിലാക്കാനാണ് ഒരുകൂട്ടം ആളുകൾ ശ്രമിക്കുന്നതെന്ന് വ്യക്തം.

# തഖ്‌വ കൈക്കൊള്ളുക: സൈനുദ്ദീൻ സാഹിബ്

**കണ്ണൂർ:** ഏതു സാഹചര്യത്തിലും തഖ്‌വ കൈക്കൊള്ളുക എന്നത് ഒരഹ്മദിയുടെ കർത്തവ്യമാണെന്ന് അഖിലേന്ത്യാ നാസിം ഖസാ മൗലവി സൈനുദ്ദീൻ സാഹിബ് പറഞ്ഞു. കണ്ണൂർ ടൗൺ മസ്ജിദിൽ നടത്തിയ ഒരു ക്ലാസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏതു സാഹചര്യത്തിലും തഖ്‌വ ഉണ്ടാകുമ്പോഴാണ് യഥാർത്ഥ ഭക്തി ഉടലെടുക്കുന്നത്. തഖ്‌വയിലധിഷ്ഠിതമായ ഭക്തിക്കുമാത്രമേ നിലനില്പ്പുണ്ടാകുന്നുള്ളൂവെന്ന് സൈനുദ്ദീൻ സാഹിബ് തുടർന്നു പറഞ്ഞു. ഈയവസരത്തിൽ ഒരു നിക്കാഹ് വിളംബരവും സൈനുദ്ദീൻ സാഹിബ് നടത്തുകയുണ്ടായി.

# ഖുർആൻ വാരം ആചരിച്ചു

**കണ്ണൂർടൗൺ:** കണ്ണൂർ ടൗൺ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 1 മുതൽ 8 വരെ വിശുദ്ധഖുർആൻ വാരം ആചരിച്ചു. വിശുദ്ധഖുർആന്റെ ദൈവപ്രോക്തങ്ങളായ അധ്യാപനങ്ങൾ നിറഞ്ഞുനിന്ന പ്രഭാഷണങ്ങൾ ഒരാഴ്ചകാലം മുഴുവനായും ജമാഅത്തംഗങ്ങളെ ആത്മീയ ഔന്നത്യത്തിലെത്തിച്ചു. ഉദ്ഘാടന ദിവസം നടന്ന ഖുർആൻ ക്ലാസ്സിൽ മൗലവി ഇസ്മായീൽ സാഹിബ് സംസാരിച്ചു. ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാം സാഹിബ് അധ്യക്ഷം വഹിച്ചു.

തുടർ ദിവസങ്ങളിൽ മൗലവി മുഹമ്മദ് ശരീഫ് സാഹിബ്, യാസർ അറഫാത്ത് സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മുഹമ്മദ് സാഹിബ്, യൂസുഫ് സാഹിബ് കൊടുങ്ങല്ലൂർ, ഡോ. മുസഫർ അഹ്മദ് സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് തുടങ്ങിയവർ പ്രഭാഷണം നടത്തി. കെ. അബ്ദുൽ അസീസ് സാഹിബ്, ഷാജിർ അഹ്മദ് സാഹിബ്, ഹംസ സാഹിബ്, നാസിർ സാഹിബ് തുടങ്ങിയവർ വ്യത്യസ്ത ദിവസങ്ങളിൽ അധ്യക്ഷപദമലങ്കരിച്ചു. ഖാദിംകളായ നിശാദ് അസീസ് സാഹിബ്, ശെഹിൻ സാഹിബ്, സജിൻ നിസാർ സാഹിബ്, അലി ഹസ്സൻ സാഹിബ് തുടങ്ങിയവരും ഖുർആനിക വിഷയങ്ങളെ സംബന്ധിച്ച് വ്യത്യസ്ത ദിവസങ്ങളിൽ സംസാരിച്ചു.

**കണ്ണൂർ സിറ്റി:** കണ്ണൂർ സിറ്റി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 1 മുതൽ 8 വരെ ഖുർആൻവാരം ആചരിച്ചു. ജൂലൈ ഒന്നാംതിയ്യതി നടന്ന ചടങ്ങിൽവച്ച് വാരാചരണം കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹമ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡണ്ട് കെ. മുഹമ്മദ് സാലിഹ് സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് ഖുർആന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ ശറഫുദ്ദീൻ സാഹിബ്, ടി. നിയാസ് സാഹിബ്, ടി. ആശിഖ് സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, കലീം അഹ്മദ് സാഹിബ്, പി. മുസഫർ അഹ്മദ് സാഹിബ്, ടി. ശംസുദ്ദീൻ സാഹിബ് തുടങ്ങിയവർ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ച് പ്രസംഗിച്ചു. സമാപനദിവസം ഖുർആൻ ഓതി പൂർത്തിയാക്കിയ കാമിലാഗുൽനാറിന്റെ ആമീൻ ചടങ്ങും നടത്തുകയുണ്ടായി. യു. അബ്ദുർ റഊഫ് സാഹിബിന്റെയും എം.എഫ്. ബുശ്റ സാഹിബയുടെയും മകളാണ്.

**കടലായി:** ജൂലൈ 1 മുതൽ 8 വരെ കടലായി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻ വാരം ആചരിച്ചു. വിശുദ്ധഖുർആന്റെ അധ്യാപനങ്ങളുടെ കാലികപ്രസക്തി, വിശ്വാസത്തോടൊപ്പം കർമ്മങ്ങളുടെ ആവശ്യകത, ദൈവസാമീപ്യം പ്രാപിക്കാനുള്ള മാർഗ്ഗം, അൽവസിയ്യത്ത്, ഹദ്റത്ത് അഹ്മദ്(അ)ന് വിശുദ്ധഖുർആനോടുണ്ടായിരുന്ന അനുരക്തി, മോക്ഷം, ഖുർആൻ പഠനത്തിന്റെ പ്രാധാന്യം തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കി മൗലവി അബ്ദുസ്സലാം സാഹിബ് (കൂടാളി), മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്(കണ്ണൂർ ടൗൺ), മൗലവി കെ.വൈ. ശംസുദ്ദീൻ സാഹിബ് (മട്ടന്നൂർ), ജനാബ് അബ്ദുൽ അസീസ് സാഹിബ്, ജനാബ് അംനാസ് സാഹിബ് (ജാമിഅ വിദ്യാർത്ഥി), ജനാബ് ടി. ആശിഖ് സാഹിബ്, ജനാബ് സനൽ ഖമർ സാഹിബ്, മൗലവി മുഹമ്മദ് ശരീഫ് സാഹിബ് (കടലായി), മൗലവി എൻ. ശഫീഖ് സാഹിബ് (കണ്ണൂർസിറ്റി) തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി. സമാപനദിവസം കേരള ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. ജനാബ് അയ്യൂബ് സാഹിബിന് സ്വീകരണവും സംഘടിപ്പിച്ചു. തദവസരത്തിൽ കാലത്തിന്റെ ഇമാമിന്റെ നിർദ്ദേശങ്ങൾക്ക് ലബ്ബൈക്ക് പറയുകയെന്നതാണ് അഹ്മദികളുടെ പ്രഥമ കർത്തവ്യമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സമാപനദിവസം ജമാഅത്ത് പ്രസിഡന്റ് ജനാബ് അബൂബക്കർ സാഹിബ് അധ്യക്ഷത വഹിച്ചു. ദുആയോടുകൂടി അനുഗൃഹീത വാരത്തിന് സമാപനമായി. എല്ലാ ദിവസവും സ്ത്രീകളുൾപ്പെടെ ഭൂരിഭാഗം ജമാഅത്ത് അംഗങ്ങളും സന്നിഹിതരായിരുന്നു.

**അലനല്ലൂർ:** അലനല്ലൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 2 മുതൽ 9 വരെ വിശുദ്ധഖുർആൻ വാരം ആചരിച്ചു. വ്യത്യസ്ത ദിവസങ്ങളിലായി സി. മുഹമ്മദ് സാഹിബ്, ജനാബ് ടി. ബശീർ അഹ്മദ് സാഹിബ്, ഇല്യാസ് അഹ്മദ് സാഹിബ്, സി. ബശീർ സാഹിബ്, അയമു മാസ്റ്റർ സാഹിബ്, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി, വി. യൂസഫ് സാഹിബ്, ഹംസ സാഹിബ് തുടങ്ങിയവർ പ്രഭാഷണം നടത്തി. സി.പി. സിദ്ദീഖ് സാഹിബ്, എം. അബ്ദുറശീദ് സാഹിബ്, സിറാജുൽ മുനീർ സാഹിബ് തുടങ്ങിയവർ അധ്യക്ഷപദമലങ്കരിച്ചു. സമാപന ദിവസം മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് പ്രഭാഷണം നടത്തി. വിശുദ്ധഖുർആനുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ദൈവപ്രീതി ലക്ഷ്യമാക്കി നന്മ പ്രവർത്തിച്ച് ജീവിക്കുകയാണെങ്കിൽ ഓരോ ദിനങ്ങളും ലൈലത്തുൽ ഖദ്ർ രാവുകളാക്കി മാറ്റാമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. മൗലവി. കെ. ഖമറുദ്ദീൻ സാഹിബ് ആധ്യക്ഷം വഹിച്ചു.

# സ്പീക്കർ കെ. രാധാകൃഷ്ണന് വിശുദ്ധഖുർആൻ സമ്മാനിച്ചു



**ചേലക്കര:** കേരള നിയമസഭാസ്പീക്കറും, ചേലക്കര എം.എൽ.എയുമായ ശ്രീ. കെ. രാധാകൃഷ്ണന് വിശുദ്ധഖുർആൻ മലയാള പരിഭാഷയും, അഹ്മദിയ്യാ സാഹിത്യങ്ങളും സമ്മാനിച്ചു.

സമൂഹത്തിലെ ഉന്നത വ്യക്തികളുമായി ബന്ധപ്പെടുന്നതിനും, ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിനുമുള്ള ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിലാണ് ഈ കൂടിക്കാഴ്ച നടത്തിയത്. മേഖലാ അമീർ സാഹിബിന്റെ നിർദ്ദേശമനുസരിച്ച് ചേലക്കര മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിലായിരുന്നു ചേലക്കര എം.എൽ.എ ഹൗസിൽവച്ച് കൂടിക്കാഴ്ച നടത്തിയത്.

സംഘത്തിൽ മുബല്ലിഗ് എച്ച്. ശംസുദ്ദീൻ സാഹിബ്, ഖായിദ് സി. നാസിർ അഹ്മദ് സാഹിബ്, നാസിം തബ്‌ലീഗ് എം. നസീർ അഹ്മദ് സാഹിബ്, ഉത്തരാഞ്ചൽ മുഅല്ലിം ടി. റിയാസ് അഹ്മദ് സാഹിബ്, സിറാജ് അഹ്മദ് സാഹിബ് എന്നിവർ ഉണ്ടായിരുന്നു.

*(1-ാം പേജിൽനിന്ന്)*

വർ (70:35).

ഏറ്റവും പ്രിയപ്പെട്ട സാധനം സൂക്ഷിച്ചുവെക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയോടെ അവർ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നു. നമസ്കാരമെങ്ങാനും നഷ്ടപ്പെട്ടാൽ അവർക്കുണ്ടാകുന്ന അസ്വസ്ഥതയ്ക്ക് അതിരുണ്ടാകുകയില്ല. ആ അവസ്ഥയുണ്ടായാൽ വിശ്വാസത്തിൽ ഉറപ്പുണ്ടാകുന്നതാണ്. നമസ്കാരം മുറപ്രകാരം കൃത്യമായി അനുഷ്ഠിച്ചാൽ മാത്രംപോരാ. ***ഇന്നസ്സ്വലാത്ത കാനത് അലൽ മുഅ്മിനീന കിതാബൻമ്മൗഖൂത്ത*** നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു (4:104). നമസ്കാരം അതിന്റെ സമയത്ത് അനുഷ്ഠിക്കാൻ കഴിഞ്ഞില്ലെങ്കിൽ സത്യവിശ്വാസി തീരെ അസ്വസ്ഥനായിത്തീരും.

സുബ്ഹി നമസ്കാരത്തിന് ഒരാൾക്ക് എഴുന്നേല്ക്കാൻ കഴിഞ്ഞില്ല. നമസ്കാരം 'ഖളാ'യായി. അയാൾ ആ ദിവസം മുഴുവൻ അങ്ങേയറ്റം അസ്വസ്ഥനാവുകയും കരഞ്ഞ് കരഞ്ഞിരിക്കുകയും പാപപൊറുതി തേടിക്കൊണ്ട് സമയം കഴിക്കുകയും ചെയ്തു. ആ ദുഃഖത്തിൽ അയാൾക്ക് എന്തെങ്കിലും നാശം സംഭവിക്കുമോയെന്ന് തോന്നിപ്പോയി. അടുത്തദിവസം നമസ്കാര സമയമെത്തിയപ്പോൾ, 'എഴുന്നേറ്റു നമസ്കരിക്കൂ' എന്ന് ആരോ വിളിച്ചുപറയുന്നത് അയാൾ കേട്ടു. നീ ആരാണെന്ന് അയാൾ ചോദിച്ചു. ശയ്ത്താനാണെന്ന് മറുപടി കിട്ടി. നമസ്കാരത്തിന് എന്നെ ഉണർത്തിയിട്ട് നിനക്കത് കൊണ്ടുള്ള നേട്ടമെന്താണെന്ന് അയാൾ ചോദിച്ചു. അപ്പോൾ ശയ്ത്താൻ പറഞ്ഞു: ഇന്നലെ നീ കരഞ്ഞുകരഞ്ഞ് നിന്നെ എന്താക്കിയാണ് തീർത്തത്? നീ എത്രമാത്രം ദൈവത്തിനോട് പാപപ്പൊറുതി തേടി. അതിന് അല്ലാഹു നിനക്ക് പലയിരട്ടിയാണ് പ്രതിഫലം നല്കിയത്. നീ ഒരിക്കലും പ്രതിഫലത്തിന് അർഹനാകരുതെന്നായിരുന്നു എന്റെ ഉദ്ദേശ്യം. പലയിരട്ടി പ്രതിഫലം നീ സമ്പാദിക്കുന്നതിനേക്കാൾ നല്ലത് നിന്നെ ഉണർത്തി കുറച്ചുമാത്രം ഫലം നിനക്ക് കിട്ടിയാൽ മതിയെന്നാണ് ഞാൻ കരുതുന്നത്. ഇല്ലെങ്കിൽ നീ വീണ്ടും ഇന്നലത്തെപ്പോലെ കരഞ്ഞുകരഞ്ഞ് ഒരുപാട് പ്രതിഫലം കരസ്ഥമാക്കിക്കളയും. അങ്ങനെവരുമ്പോൾ എന്റെ ഉദ്ദേശ്യം പൂർത്തിയാകുകയില്ല.

നമസ്കാരം നഷ്ടപ്പെടുന്നവർക്ക് ഈ രീതിയിലാണ് വേദനയുണ്ടാകുന്നത്. ഒരു സത്യവിശ്വാസിയുടെ മഹിമാവിലാസം എന്നു പറയുന്നത് നമസ്കരിക്കുമ്പോൾ പൂർണ്ണശ്രദ്ധ

*(ശേഷം 3-ാം പേജിൽ)*

# ആശങ്കയകലാതെ ബർലിൻ പള്ളി

**ബർലിൻ:** കിഴക്കൻ ബർലിനിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമ്മിക്കുന്ന പള്ളിയെച്ചൊല്ലിയുള്ള സംഘർഷം തുടരുകയാണ്. ഏറ്റവും ഒടുവിൽ നടന്ന സംഘട്ടനത്തെത്തുടർന്ന് പോലീസ് 15 തീവ്ര വലതുപക്ഷ പ്രവർത്തകരെ അറസ്റ്റു ചെയ്തു. 600 ഓളം പ്രതിഷേധക്കാർ രാത്രിയിൽ പള്ളി നിർമ്മിക്കുന്ന പാൻകൗ-ഹീനർസ്ഡോർഫ് സ്ഥലത്തിനു സമീപംവച്ച് പോലീസുമായി ഏറ്റുമുട്ടുകയായിരുന്നു. പോലീസിനെ ആക്രമിച്ചതിന്നെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പള്ളി നിർമ്മാണം പ്രഖ്യാപിച്ചപ്പോൾത്തന്നെ തദ്ദേശവാസികൾ പ്രതിഷേധവുമായി രംഗത്തുവന്നിരുന്നു. പള്ളി നിർമ്മിക്കുന്ന പ്രദേശത്ത് മുസ്‌ലിംകൾ ഇല്ലാത്തതിനാൽ പള്ളിയുടെ ആവശ്യമില്ലെന്നാണ് അവരുടെ വാദം. എന്നാൽ, പ്രദേശത്ത് 250-ഓളം അഹ്മദികളുണ്ട്. 2008 ആഗസ്തിലാണ് പള്ളി ഉദ്ഘാടനം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നത്. അഹ്മദികളെ സംബന്ധിച്ച് ജർമ്മൻ സർക്കാരിന് പൂർണ്ണവിശ്വാസമുള്ളതിനാൽ അധികാരികളുടെ ഭാഗത്തുനിന്നും ജമാഅത്തിന് സഹായങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ, പ്രശ്നം കടുത്ത വലതുപക്ഷ തീവ്രവാദികൾ ഏറ്റെടുക്കുകയും, നാഷണൽ ഡമോക്രാറ്റിക്ക് പാർട്ടിക്ക് സമീപകാല തിരഞ്ഞെടുപ്പുകളിൽ ലഭിച്ച നേട്ടങ്ങളും കിഴക്കൻ ബർലിനിൽ പുത്തൻ നാസിസം കടന്നുവരാനുള്ള സാധ്യതകൾ സർക്കാരിനെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഒപ്പം കിഴക്കൻ ബർലിനിലെ ആദ്യത്തെ പള്ളിയിൽ നിന്നും ബാങ്ക് വിളി കേൾക്കാനുള്ള മുസ്‌ലിം സമുദായത്തിന്റെ ചിരകാലാഭിലാഷത്തിന് ആശങ്കയേറുന്നു. പക്ഷേ, ഹുസൂർ തിരുമനസ്സ് അരുളിയതുപോലെ ഇൻശാഅല്ലാഹ് ബർലിനിൽ പള്ളി നിർമ്മിക്കുകതന്നെ ചെയ്യും.

# അഹ്മദീഗവേഷകന് അമേരിക്കൻ ഫെല്ലോഷിപ്പ്



**തിരുവനന്തപുരം:** പ്രതിഭാസമ്പന്നരായ ഗവേഷകർക്കുവേണ്ടി ലോകപ്രശസ്തമായ യേൽ യൂണിവേഴ്സിറ്റി (അമേരിക്ക) ഏർപ്പെടുത്തിയിട്ടുള്ള ഫോക്സ് ഇന്റർനാഷണൽ ഫെല്ലോഷിപ്പിന് അഹ്മദീ ഗവേഷകൻ ഫസിൽ ജമാൽ സാഹിബ് അർഹത നേടി. ഏഷ്യയിൽനിന്ന് ഈ ബഹുമതിക്കായി തിരഞ്ഞെടുക്കപ്പെട്ട ആറുപേരിൽ ഒരാളായ ഫസിൽ സാഹിബ്, ഇപ്പോൾ ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ അന്താരാഷ്ട്ര ഊർജ്ജ നിയമത്തിൽ ഗവേഷകനാണ്. 2007-08 വിദ്യാഭ്യാസ വർഷത്തിൽ തന്റെ ഇപ്പോഴത്തെ ഗവേഷണ പഠനങ്ങൾ യേൽ സർവ്വകലാശാലയിൽ തുടരുന്നതിനുള്ള അപൂർവ്വാവസരമാണ് ഫസിൽ സാഹിബിന് ഇപ്പോൾ കൈവന്നിരിക്കുന്നത്.

തിരുവനന്തപുരം ലോ അക്കാദമിയിൽനിന്ന് നിയമത്തിൽ ബിരുദവും ബാംഗ്ലൂർ നാഷണൽ ലോ സ്കൂളിൽ നിന്ന് ബിരുദാനന്തരബിരുദവും നേടിയിട്ടുണ്ട്. തുടർന്ന് ഡൽഹി ജെ.എൻ.യുവിൽ നിന്ന് വൈസ്ചാൻസലറുടെ പ്രശംസാപത്രത്തോടെ, അന്താരാഷ്ട്ര നിയമത്തിൽ എം.ഫിൽ ബിരുദവും കരസ്ഥമാക്കി.

തിരുവനന്തപുരം ജമാഅത്തിലെ ജമാലുദ്ദീൻ സാഹിബിന്റേയും ശരീഫാ ബീബി സാഹിബയുടേയും ഇളയപുത്രനാണ് ഫസിൽ. ഡോ. ഹസീനാ മുഹമ്മദ് സാഹിബ ഭാര്യയാണ്.

# മൺസൂൺ

**അമൻ**

ഋതുഭേദങ്ങളുടെ ഒരു പകർച്ചയിൽ
ഹരിതമോഹങ്ങൾ പടരവേ
കടൽക്കാറ്റൊടുങ്ങിയ നിശ തീരുമ്പോൾ
മഴ പെയ്തു തുടങ്ങുന്നു.
വർഷപാതത്തിന്റെ ഗരിമയിൽ
സന്നിപാതമുയരുന്ന കരകളിൽ
ജലപാതകൾ, പുഴകൾ തോടുകൾ
ഹൃദയഭൂക്കളിൽ മഴ നനഞ്ഞ ചിത്രങ്ങൾ
മന്ദസ്ഥായിയിൽ നിപതനം
തുള്ളിയാൽ ചേർത്ത സാഗരം
കരയുന്ന രാത്രിതൻ നിസ്വനം
രജത മുദ്രിത വർണ്ണതീർത്ഥം
ഈ മഴയിൽ അലിയാത്തതെന്ത്?
ഇരുട്ടും വെളിച്ചവും പകർന്നാടുന്ന
പുലരികളും, ഹൃദയഭാരമേറിയ
സാന്ധ്യമേഘങ്ങളും പിന്നെയീ-
രാത്രിതൻ വിജന വിഭ്രാന്തിയും
മണൽ വറ്റിയ നദീതടങ്ങൾ
ജലവിഹീനമായ നീർച്ചോലകൾ
മൺസൂൺ, ഇപ്പോൾ രൗദ്രമാണ്
നദികൾ, നീർച്ചോലകൾ അലറിത്തുടങ്ങുന്നു
ശാന്തിയുടെ മർമ്മരം
കൊഴിഞ്ഞുതിരുന്ന നിശാഗന്ധിപോൽ
സുഗന്ധയാമങ്ങളിൽ നീ നേർത്തു പെയ്യുക
അലസ സുപ്രഭാതങ്ങളെ തഴുകിയെത്താൻ
വ്യഥയാൽ മടുത്ത മദ്ധ്യാഹ്നങ്ങളിൽ
നഷ്ടബോധം കനക്കുന്ന സായന്തനത്തിൽ
നീ കരുണ വർഷിക്കുക
മൺസൂൺ --- ഇത് മഴക്കാലമത്രെ.

*(2-ാം പേജിൽനിന്ന്)*

യോടുകൂടി നമസ്കരിക്കുക എന്നതാണ്. ജമാഅത്തോടുകൂടി നമസ്കരിക്കാൻ മുഅ്മിൻ ശ്രദ്ധിക്കേണം. നമസ്കാരാനുഷ്ഠാനം പൂർത്തിയാകുന്നത് ജമാഅത്തോടുകൂടി നമസ്കരിക്കാൻ ശ്രമിക്കുമ്പോഴാണ്. അതിനാൽ കഴിവിന്റെ പരമാവധി ജമാഅത്തായിട്ട് നമസ്കരിക്കാൻ പരിശ്രമിക്കേണ്ടതാണ്. ഹദീഥിൽ വന്നിരിക്കുന്നു, ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രതിഫലം 27 ഇരട്ടി അധികമാണ്.

സത്യവിശ്വാസി തന്റെ മാത്രം നമസ്കാരത്തെക്കുറിച്ചായിരിക്കുകയില്ല ചിന്തിക്കുന്നത്. മറിച്ച്, മറ്റുള്ളവരേയും അവൻ ഉപദേശിച്ചുകൊണ്ടിരിക്കും. ജമാഅത്ത് വ്യവസ്ഥിതിയും ഒരു കുടുംബം പോലെയാണ്. ഇതിൽ തങ്ങളോടൊപ്പം തങ്ങളുടെ സഹോദരനെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. ഏതൊന്നാണോ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരങ്ങൾക്കുവേണ്ടിയും അത് ഇഷ്ടപ്പെടേണ്ടതാണ്. ഇതും പ്രതിഫലം കരസ്ഥമാക്കുന്നതിനും നന്മ പരത്തുന്നതിനുമുള്ള മാർഗ്ഗമാണ്. എന്നാൽ, സ്നേഹത്തോടുകൂടിയാണ് ഉപദേശിക്കേണ്ടത്. അല്ലാഹു പറയുന്നു: ***വഅ്മുർ അഹ്‌ലക്ക ബിസ്സ്വലാത്തി വസ്ത്വബിർ അലയ്ഹാ*** നിന്റെ കുടുംബത്തോടു നമസ്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക, സ്വയം അതിൽ നിലകൊള്ളുകയും ചെയ്യുക (20:133).

മാതാപിതാക്കളും സഹോദരീസഹോദരന്മാരും പരസ്പരം നമസ്കരിക്കാൻ ഉപദേശിക്കുന്നതോടൊപ്പം ഓരോ അഹ്മദിയും മറ്റുള്ള അഹ്മദികളേയും സ്നേഹത്തോടെ ഉപദേശിക്കേണ്ടതാണ്. അതുപോലെ ജമാഅത്തിന്റെ പ്രവർത്തകരും നമസ്കാരത്തെക്കുറിച്ച് മറ്റുള്ളവരെ ഉപദേശിച്ചുകൊണ്ടിരിക്കണം. ഇതുതന്നെയാണ് സത്യവിശ്വാസികളുടെ ജമാഅത്തിന് ശക്തി പകരുന്നത്. ഇതുതന്നെയാണ് ദാസനും ദൈവവും തമ്മിൽ ബന്ധമുണ്ടാക്കുന്നത്. ഇത് ദാസനെ ദൈവത്തിന്റെ അടുക്കലെത്തിക്കുന്നു. ഈ ബന്ധം, ഭൗതിക നേട്ടം കരസ്ഥമാക്കുന്നതിനുവേണ്ടിയല്ല. മറിച്ച്, യഥാർത്ഥ ഉദ്ദേശ്യം ആത്മീയതയെ അഭിവൃദ്ധിപ്പെടുത്തുകയും ദൈവസാമീപ്യം കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി അങ്ങോട്ടുമിങ്ങോട്ടും ഉപദേശിക്കുമ്പോൾ അല്ലാഹുവിന്റെ അറ്റമില്ലാത്ത അനുഗ്രഹം സ്വരുക്കൂട്ടുന്നവരായിത്തീരും. ജമാഅത്ത് ശക്തി പ്രാപിക്കുകയും ചെയ്യും. അതിന് നിബന്ധന വെച്ചിട്ടുള്ളത് സ്വയം നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക എന്നതാണ്. കർമ്മം ചെയ്യേണ്ടത് നിർബന്ധമാകുന്നു.

സത്യവിശ്വാസിയുടെ അടയാളമായി പിന്നീട് പറഞ്ഞത് ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നാണ്. എന്തൊന്ന് അല്ലാഹു അവർക്ക് നല്കിയിട്ടുണ്ടോ അതിൽനിന്ന് അവർ ചെലവഴിക്കുന്നു. അതായത്, അല്ലാഹുവിന്റെ വഴിയിലും തങ്ങളുടെ സഹോദരങ്ങളോടുള്ള കടമ നിറവേറ്റുന്നതിലും അവർ ചെലവഴിക്കുന്നു. ഇങ്ങനെ ധനവും അല്ലാഹു അവർക്ക് നല്കിയ കഴിവുകളും മറ്റുള്ളവരുടെ ഉന്നമനത്തിനായിക്കൊണ്ടാണ് അവർ ചെലവഴിക്കുന്നത്. ഈ നിസ്വാർത്ഥ സേവനമാണ് ഒരു സത്യവിശ്വാസിയെ മറ്റൊരു സത്യവിശ്വാസിയുമായി കെട്ടുറപ്പുള്ളതും മുറിയാത്തതുമായ ബന്ധത്തിൽ ഉറപ്പിച്ചുനിറുത്തുന്നത്. സത്യവിശ്വാസികളുടെ ജമാഅത്തിൽ ഒരു ഐക്യവും ശക്തിയുമുണ്ടാകുന്നു. എല്ലാ തലങ്ങളിലും ഇത്തരം ചിന്താഗതിയോടെ ഒരാൾ മറ്റൊരാളെ ശ്രദ്ധിച്ചുകൊണ്ട് തന്റെ ധനവും മറ്റു കഴിവുകളും ചെലവഴിക്കുകയാണെങ്കിൽ സ്നേഹവും സന്തോഷവും ഐക്യവും പ്രകടമാകുന്ന ഒരു സമൂഹം ജന്മംകൊള്ളുന്നതാണ്. ഭാര്യ, ഭർത്താവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ഭർത്താവ്, ഭാര്യയുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും മാതാപിതാക്കൾ അവരുടെ കുട്ടികളുടെ നന്മയ്ക്കായി ചെല

*(4-ാം പേജിൽ)*

# പാലക്കാട് മേഖലാ വഖ്ഫെ നൗ കേമ്പ്

**അലനല്ലൂർ, 2.7.07:** ഹുസൂർ തിരുമനസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിദ്യാഭ്യാസം സൃഷ്ടിസേവനത്തിനും നാടിന്റെ നന്മയ്ക്കും പുരോഗതിക്കും യഥാർത്ഥ ഇസ്‌ലാമിന്റെ തബ്‌ലീഗിനും പ്രയോജനപ്പെടുത്താൻ നാസിർ തഅ്ലിം ശീറാസ് അഹ്മദ് സാഹിബ് (ഖാദിയാൻ) ആഹ്വാനം ചെയ്തു. വരുന്ന 20 വർഷത്തിനുള്ളിൽ ഡോക്ടർ അബ്ദുസ്സലാം സാഹിബിനെപോലുള്ള നൂറ് ശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കാനാണ് ഹുസൂർ നമുക്ക് നൽകിയിട്ടുള്ള ടാർഗറ്റെന്നും ഹുസൂർ തിരുമനസ്സിന്റെ ടാർഗറ്റ് ലക്ഷ്യമാക്കി കുട്ടികൾ ഉണർന്ന് പഠിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആധുനികലോകത്തിന്റെ പുരോഗതിക്കനുസൃതമായി സർവ്വമേഖലകളിലും പ്രഗത്ഭരായ വിദ്യാസമ്പന്നരായ ഒരു തലമുറ വളർന്നുവരേണ്ടതുണ്ടെന്നും അതിന്നായി ഹുസൂർ തിരുമനസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ മനഃപാഠമാക്കി സൂക്ഷിച്ചുകൊണ്ട് പ്രായോഗികതലത്തിൽ വരുത്താൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

അലനെല്ലൂർ പ്രാദേശിക ജമാഅത്തിൽ 2007 ജൂലൈ 2-ന് സംഘടിപ്പിച്ച മേഖലാ വഖ്ഫെ നൗ കേമ്പിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ മേഖലാ അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് അധ്യക്ഷനായിരുന്നു. ഇസ്‌ലാമിന്നെതിരിൽ പാശ്ചാത്യശക്തികൾ നടത്തുന്ന കടന്നാക്രമണങ്ങളെ പ്രതിരോധിക്കാൻ സജ്ജമായ ഒരു തലമുറയെ വളർത്തിയെടുക്കാനാണ് വിദ്യാഭ്യാസം കൊണ്ട് ഹുസൂർ ഉദ്ദേശിക്കുന്നതെന്നും, അതിന്നായി അഹ്മദീ വിദ്യാർത്ഥികൾ ഉണർന്നു പഠിക്കണമെന്നും അമീർ സാഹിബ് പറഞ്ഞു. വിദ്യാഭ്യാസ വിഷയത്തിൽ ജമാഅത്തുകളിൽ നിലനിൽക്കുന്ന പിന്നാക്കാവസ്ഥ മാറ്റി ശുഷ്കാന്തിയോടെയും ഉണർവ്വോടെയും പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ മഹ്ബൂബ് അഹ്മദ് (ചേലക്കര) ഖുർആൻ പാരായണം നടത്തി. കെ. ബശീറുദ്ദീൻ പദ്യം ആലപിച്ചു. മേഖലാ വഖ്ഫെ നൗ സെക്രട്ടറി ടി. കുഞ്ഞീതു മാസ്റ്റർ സാഹിബ് സ്വാഗതമാശംസിച്ചു. ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് പ്രസംഗിച്ചു.

*(1-ാം പേജിൽനിന്ന്)*

മാത്രമായി ഒരു സപ്ലിമെന്ററി വോട്ടേർസ് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടു. 2002-ന് മുമ്പുവരെ പാക്കിസ്ഥാനിൽ മുസ്‌ലിംകൾക്കായി ഒരു വോട്ടേർസ് ലിസ്റ്റും ഇതര അമുസ്‌ലിംകൾക്കായി ഒരു വോട്ടർ ലിസ്റ്റുമുണ്ടായിരുന്നു. സുന്നി, ശിയാ, വഹാബി തുടങ്ങി സകലരും 'മുസ്‌ലിം' ഗണത്തിൽപ്പെടുന്നു. അഹ്മദികളും ഹിന്ദുക്കളുമൊക്കെ അമുസ്‌ലിം പട്ടികയിൽപ്പെടുത്തപ്പെട്ടു. ഇപ്പോൾ മുസ്‌ലിം, ഹിന്ദു, ക്രിസ്ത്യൻ, സിഖ് മതവിഭാഗങ്ങൾ ഒരൊറ്റ ലിസ്റ്റിന്റെ ഭാഗമാണ്. അഹ്മദികൾക്കു മാത്രം പ്രത്യേകമായ ഒരു വോട്ടർ പട്ടിക!

2002-ൽ നടന്ന പ്രസിഡൻഷ്യൽ റഫറണ്ടത്തിൽ അഹ്മദികൾ പങ്കെടുത്തിരുന്നു. ആ റഫറണ്ടം നടത്തിയത് സമഗ്രമായ ഒരേയൊരു പട്ടിക ആധാരമാക്കിയായിരുന്നു എന്ന കാരണത്താലാണത്. എന്നാൽ, പിന്നീട് ഉടനെതന്നെ അഹ്മദികളെ അമുസ്‌ലിംകളെന്ന് വ്യക്തമാക്കിക്കൊണ്ട് പ്രത്യേകമായൊരു പട്ടിക ഇലക്ഷൻ കമ്മീഷൻ തയ്യാറാക്കി. 1975-76 മുതലാണ് അഹ്മദികൾ ഇലക്ഷൻ ബഹിഷ്കരിച്ചുവരുന്നത്. ഇക്കാലയളവ് മുതലാണ് അഹ്മദികൾക്കായി പ്രത്യേക വോട്ടർപട്ടിക തയ്യാറാക്കി തുടങ്ങിയത്.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
LOVE FOR ALL HATRED FOR NONE
ജൂലായ് 2007 ജമാത്തുൽ ആഖിർ

# ലാൽമസ്ജിദ് നല്കുന്ന പാഠം

**ക**ഴിഞ്ഞദിവസം പാക്കിസ്ഥാനിലെ ഭരണകൂടം അവിടുത്തെ ഒരു മസ്ജിദായ ലാൽ മസ്ജിദിൽ ഒരു സൈനിക നടപടി എടുക്കുകയുണ്ടായി. അവിടെ മാസങ്ങളായി തമ്പടിക്കുകയും ഭരണകൂടത്തെ വെല്ലുവിളിക്കുകയും ചെയ്ത തീവ്രവാദികളെ തുരത്താനായാണ് പ്രസ്തുത നടപടി കൈക്കൊള്ളാൻ പ്രസിഡണ്ട് പർവേസ് മുഷറഫ് നിർബന്ധിതനായത്. മസ്ജിദ് മോചിപ്പിക്കുന്നതിനിടയിൽ നൂറുകണക്കിന് പേരെ തോക്കിന്നിരയാക്കേണ്ടിവന്നു. പാക്കിസ്ഥാനിൽ അത്തരത്തിലുള്ള ഒരു പള്ളി മാത്രമല്ലയുള്ളത്. നിരവധി മദ്രസകൾ തീവ്രവാദം വളർത്തുന്നതിൽ വ്യാപൃതമായിട്ട് നാളുകളേറെയായി. മാറിമാറിവന്ന ഭരണാധികാരികൾ അവരുടെ താൽപര്യ സംരക്ഷണത്തിന്നിടയിൽ ഇവരുടെ ചെയ്തികൾക്കുനേരെ കണ്ണടച്ചതാണ് പ്രശ്നം വഷളാകാൻ കാരണം.

പാക്കിസ്ഥാനിലും അതുപോലെ ബംഗ്ലാദേശിലും ഇന്തോനേഷ്യയിലുമൊക്കെ തീവ്രവാദത്തിന് നേതൃത്വം കൊടുക്കുന്നത് സാധാരണക്കാരല്ല. മതപണ്ഡിതന്മാരാണ്! ഈ മതപണ്ഡിതന്മാരെ പാലൂട്ടിവളർത്തിയത് മൗദൂദിസവും. അഹ്മദികൾക്കെതിരെ ഇവരുടെ അക്രമങ്ങൾ തുടങ്ങിയിട്ട് നാളുകളേറെയായി. പക്ഷേ, സുൽഫിക്കർ അലി ഭൂട്ടോ മുതൽ മുഷറഫ് വരെയുള്ള ഭരണാധികാരികൾ അതൊക്കെ കയ്യുംകെട്ടി നോക്കിനിന്നു. അതിന്റെ ഫലമായി പാവപ്പെട്ട അഹ്മദികൾ അക്രമത്തിന്നിരയായി. നിരവധി പള്ളികൾ തകർക്കപ്പെട്ടു. കുട്ടികളടക്കം നിരവധി അഹ്മദികളെ ഇവർ ശഹീദാക്കി. പലരേയും കാരാഗൃഹത്തിലടച്ചു. പക്ഷേ, അക്രമികൾ പാക്കിസ്ഥാനിലാകമാനം വിലസി, ഭരണത്തിന്റെ തണലിൽ.

മതപണ്ഡിതന്മാരുടെ സാന്നിധ്യം ഇസ്‌ലാമിന്റെ ഒരനുഗ്രഹമാണ്. നബിതിരുമേനി(സ)ക്കുശേഷം നിരവധി മതപണ്ഡിതർ മുസ്‌ലിംകൾക്കനുഗ്രഹമായി ഉണ്ടായിട്ടുണ്ട്. പക്ഷേ, നബി(സ) തിരുമേനി തന്നെ തന്റെ സമുദായത്തിന്റെ അവസാനകാല അവസ്ഥ വിവരിച്ചിട്ടുണ്ട്. പണ്ഡിതന്മാർ ആകാശത്തിൻകീഴിൽ നികൃഷ്ടരായിരിക്കുമെന്ന് അദ്ദേഹം അന്നുതന്നെ പ്രവചിച്ചതാണ്. ഇന്നത് വ്യക്തമായി പുലർന്നിരിക്കുന്നു. സകല മുസ്‌ലിം രാഷ്ട്രങ്ങളിലും ഇതര രാജ്യങ്ങളിലെ മുസ്‌ലിം സമൂഹത്തിലും മുല്ലമാർ തീവ്രവാദം വളർത്തുന്നവരായിരിക്കുന്നു. സകല തിന്മകളുടേയും ഉറവിടമായി അവർ മാറിക്കഴിഞ്ഞിരിക്കുന്നു. തങ്ങളുടെ ആശയസംഹിത അംഗീകരിക്കാത്തവരെ ഉന്മൂലനം ചെയ്യാനാണവർ ഇന്നു ശ്രമിക്കുന്നത്. മതപരിത്യാഗി വധാർഹനാണെന്ന മൗദൂദിയൻ ആശയമാണ് ഇന്നവരെ നയിക്കുന്നത്. നബി(സ) തിരുമേനി പറഞ്ഞതെത്ര ശരി! മുല്ലായിസമാണ് ലോകസമാധാനത്തിന് ഭീഷണിയെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നു. ആറുവർഷങ്ങൾക്കു മുമ്പ് അഹ്മദിയ്യാ ജമഅത്തിന്റെ ഖലീഫ പറഞ്ഞ വാക്കുകൾ നാം സ്മരിക്കുക. അദ്ദേഹം പറഞ്ഞു പാക്കിസ്ഥാന്റെ സകല പ്രശ്നങ്ങൾക്കും കാരണം ഈ നശിച്ച മുല്ലായിസമാണ്. അത് അവസാനിപ്പിക്കാതെ രക്ഷയില്ല. പത്തുവർഷംകൊണ്ട് ഈ മുല്ലായിസം തകരുമെന്നുകൂടി അദ്ദേഹം പറഞ്ഞു.

മുല്ലായിസം തകർക്കപ്പെടേണ്ടതു തന്നെയാണെന്ന് മുഷറഫും പാക്ഭരണകൂടവും മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ നന്ന്. ലാൽ മസ്ജിദ് നൽകുന്ന പാഠവും ഇതുതന്നെയാണ്.

# കാനഡാ ജൽസയിൽ പ്രധാനമന്ത്രി പങ്കെടുത്തു

**കാനഡ:** മൂന്നു ദിവസം നീണ്ടുനിന്ന കാനഡാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 31-ാം വാർഷിക ജൽസയിൽ ഇതാദ്യമായി കാനഡാ പ്രധാനമന്ത്രി ശ്രീ. ഡാൽട്ടൺ മാക്ഗ്യൂൻറ്റി പങ്കെടുത്തുകൊണ്ട് ആശംസകളർപ്പിച്ചു. ഇരുപതിനായിരത്തോളം പേർ ജൽസയിൽ പങ്കെടുത്തതായി സംഘാടകർ അറിയിച്ചു. പരസ്പരവിശ്വാസവും രാജ്യത്തോട് കൂറും പുലർത്തുന്ന അഹ്മദിയ്യാ ജമാഅത്തിന് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തുകയും രാജ്യപുരോഗതിക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

"ഇന്ന് നമുക്ക് 13 മില്യൺ കുടുംബങ്ങളുണ്ട്. ഒരുകുടുംബമെന്ന നിലയിൽ നാം ഓരോരുത്തർക്കുവേണ്ടിയും നിലകൊള്ളേണ്ടതുണ്ട്." ശ്രീ മാക്ഗ്യൂൻറ്റി അഭിപ്രായപ്പെട്ടു. തന്റെ ഗവൺമെന്റ് ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ ചടങ്ങിൽ വിശദീകരിച്ചു.

ധനകാര്യമന്ത്രി ശ്രീ. ഗ്രെയ്ഗ് സോർബറ, ബ്രാംപ്റ്റൺ പട്ടണ മേയർ ശ്രീമതി സൂസൻ ഫെനൽ, ഇന്ത്യൻ കൗൺസിൽ ജനറൽ ശ്രീ. സതീഷ്മേത്ത, നിരവധി പാർലമെന്റംഗങ്ങൾ എന്നിവർ സമാപനചടങ്ങിൽ പങ്കെടുത്തു. ശ്രീമതി സൂസൻ ഫെനൽ തുടർച്ചയായി രണ്ടാം തവണയാണ് ജൽസയിൽ പങ്കെടുത്തത്. വിവിധ സംസ്കാരങ്ങളുടെ സമന്വയഭൂമിയായ കാനഡയിൽ ജമാഅത്ത് സ്ഥാപിക്കുന്ന ന്യൂബ്രാംപ്റ്റൺ മസ്ജിദ് ഒരു നാഴികക്കല്ലാകുമെന്നും അതുകൊണ്ടുതന്നെ മസ്ജിദ് നിർമ്മാണത്തിന് അന്തിമാനുമതി നൽകിയതിൽ തനിക്ക് ചാരിതാർത്ഥ്യമുണ്ടെന്നും മേയർ പ്രസ്താവിച്ചു.

ജാമിഅ അഹ്മദിയ്യാ കാനഡയുടെ പ്രിൻസിപ്പൽ ജനാബ് മുബാറക്ക് നാസിർ സാഹിബ് തങ്ങളുടെ മതവിശ്വാസങ്ങൾ നിർഭയമായി പ്രചരിപ്പിക്കുവാനും സമാധാനപൂർണ്ണമായി ജീവിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിച്ചുതരുന്ന കാനഡാ സർക്കാരിനും ജനതക്കും നന്ദി രേഖപ്പെടുത്തുകയും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും സംരക്ഷണത്തിനും ജമാഅത്തിന്റെ പൂർണ്ണസഹകരണം ഉണ്ടാകുമെന്ന് പറയുകയും ചെയ്തു.

ജൽസയുടെ സമാപന ദിവസം 'കാനഡ ഡേ' ദിനം കൂടിയായിരുന്നു. അഹ്മദി കുട്ടികൾ ദേശീയഗാനം ആലപിക്കുകയും സദസ്സിലുള്ളവർ കാനഡയുടെ ദേശീയപതാക വീശുകയും ചെയ്തു.

# നൈജീരിയായിൽ ഐ.ടി. സ്കൂൾ കമ്മീഷൻ ചെയ്യുന്നു

**നൈജീരിയ:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സന്നദ്ധ സംഘടനയായ ഹ്യൂമാനിറ്റിഫസ്റ്റ് ഇന്റർനാഷണലിന്റെ നൈജീരിയൻ ചാപ്റ്റർ നിർമ്മിച്ച ആദ്യത്തെ ഇൻഫർമേഷൻ ടെക്നോളജി സ്കൂൾ അടുത്തുതന്നെ ഉമൈച്ച എന്ന സ്ഥലത്ത് ഉദ്ഘാടനം ചെയ്യപ്പെടും. പ്രദേശത്തെ ജനങ്ങളെ കംപ്യൂട്ടർ സാക്ഷരരാക്കുകയെന്നതിലുപരി അവരെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുമായി കോർത്തിണക്കുക എന്നതാണ് സ്കൂളിന്റെ ലക്ഷ്യമെന്ന് പ്രൊജക്ട് ഡയരക്ടർ ജനാബ് ഹാമിദ് മുത്തിയു അബിയോള ഒരു അഭിമുഖത്തിൽ പ്രസ്താവിച്ചു. ഉമൈച്ചയിലെ നിവാസികൾക്ക് തൊഴിൽ പരിശീലനം, ദാരിദ്ര്യ നിർമ്മാർജ്ജനം, സൗജന്യവിദ്യാഭ്യാസം, പാർപ്പിടം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഐ.ടി. സ്കൂൾ പ്രവർത്തനമാരംഭിക്കുന്നത്. സ്കൂളിലെ ഐ.ടി സൗകര്യങ്ങൾക്കുവേണ്ടുന്ന വൈദ്യുതിക്കായി സോളാർ എനർജി സ്റ്റേഷൻ സ്ഥാപിക്കുമെന്നും അബിയോള കൂട്ടിച്ചേർത്തു.

നൈജീരിയായിലെ വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കുമായി ഹ്യൂമാനിറ്റിഫസ്റ്റ് സ്പോൺസർഷിപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ അർഹത സംബന്ധിച്ച് സ്കൂൾ അധികൃതർ ശിപാർശ ചെയ്തതിനുശേഷം അവർക്ക് വിദ്യാഭ്യാസ വകുപ്പിൽനിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സഹായം ലഭിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് സ്പോൺസർഷിപ്പിനായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. സർക്കാർ ഏജൻസികളിൽ നിന്നും യാതൊരുവിധ ധനസഹായവും ലഭിക്കാത്ത അർഹതയുള്ള സ്കൂളുകൾ തിരഞ്ഞെടുത്താണ് വിദ്യാലയങ്ങൾക്കുള്ള സ്പോൺസർഷിപ്പ് ഏർപ്പെടുത്തുന്നത്.

*(2-ാം പേജിൽനിന്ന്)*

വഴിക്കുകയും കുട്ടികൾ മാതാപിതാക്കളെ സേവിക്കുന്നതിൽ എപ്പോഴും അരമുറുക്കി രംഗത്തുണ്ടാകുകയും അവർക്ക് ഫലം നേടിക്കൊടുക്കാൻ ശ്രമിക്കുകയും അവരെ സേവിക്കാൻ അതീവശ്രദ്ധരായിരിക്കുകയും അയൽവാസി അയൽവാസിയോടുള്ള കടമ നിറവേറ്റുകയും ദരിദ്രൻ സമ്പന്നനുവേണ്ടി തന്റെ കഴിവുകൾ ഉപയോഗിക്കുകയും സമ്പന്നൻ ദരിദ്രന്റെ ഉന്നമനത്തിനായി ചെലവഴിക്കുകയും ചെയ്യുമ്പോഴാണ് ഇതെല്ലാമുണ്ടാകുന്നത്. ഇതെല്ലാം നാം ചെയ്യുന്നത് സത്യവിശ്വാസികളായതുകൊണ്ടും അല്ലാഹുവിന്റെ കല്പനയുള്ളതുകൊണ്ടുമാണ്. ഇങ്ങനെ എല്ലാവരും ഒത്തുചേർന്നുകൊണ്ട് ജമാഅത്തിന്റെ ഉന്നതിക്കായി തങ്ങളുടെ ധനവും കഴിവുകളും ചെലവഴിക്കുന്നവരായിത്തീരുമ്പോൾ അവിടെ സത്യവിശ്വാസികളുടെ സമൂഹം രൂപംകൊള്ളുന്നത് നിങ്ങൾക്ക് കാണാൻ കഴിയും.

ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു സത്യവിശ്വാസിക്ക് നബി(സ)തിരുമേനിക്കിറങ്ങിയ ശരീഅത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ആ മഹാത്മാവിനെ ഖാത്തമുൽഅമ്പിയാഅ് എന്ന് വിശ്വസിക്കേണ്ടതും നിർബന്ധമാണ്. വിശുദ്ധഖുർആൻ അവസാനത്തെ ശരീഅത്ത് ഗ്രന്ഥമാണെന്നും വിശ്വസിച്ചിരിക്കണം. ആ ഗ്രന്ഥത്തിന്റെ സകല കല്പനകളും നമുക്കുവേണ്ടിയുള്ളതാണ്. അതിൽ വിശ്വസിക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതും നമ്മുടെ ബാധ്യതയാണ്.

പിന്നീട് പറഞ്ഞത് ആഖിറത്തിൽ വിശ്വസിക്കുക എന്നാണ്. ഇതും വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. എന്താണ് ആഖിറത്ത്? 'ആഖിറത്തിന്റെ അർത്ഥം നബി(സ)ക്ക് ശേഷം വന്നത്' എന്നും ആകാം. അതായത്, നബി(സ)നുശേഷം ആ മഹാത്മാവിന്റെ ദാസനായി വരികയും വഹ്‌യ് ഇറങ്ങുകയും ചെയ്യുന്ന വാഗ്ദത്ത മഹ്ദി മസീഹിനെ വിശ്വസിക്കുക. ഇതും ഒരു സത്യവിശ്വാസിയുടെ വിശ്വാസത്തിന്റെ ഭാഗമാണ്. ആഖിറത്തിന് പരലോക ജീവിതം എന്നും പറയാറുണ്ട്. എന്നാൽ, ഈ വചനത്തിന്റെ മുമ്പും പിമ്പും നോക്കുമ്പോൾ പ്രഥമാർത്ഥം പിന്നീട് വരുന്നത് എന്നാണ്. ഈ അർത്ഥവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുർആനിലുള്ള വൈഭവത്തിന്റേയും അല്ലാഹു സന്മാർഗ്ഗം നല്കിയതിന്റേയും ഫലമാണ്. നമ്മൾ അതിൽ വിശ്വസിച്ചിരിക്കുന്നു. ഇവിടെ ഇത് പറഞ്ഞുകൊണ്ട് എപ്രകാരം നിങ്ങൾക്ക് മുൻകഴിഞ്ഞ നബിമാരെ വിശ്വസിക്കേണ്ടത് നിർബന്ധമാണോ, നബി(സ) തിരുമേനിയെ വിശ്വസിക്കേണ്ടത് നിർബന്ധമാണോ അപ്രകാരം അവസാനകാലത്ത് നബി(സ) തിരുമേനിയുടെ ദാസന്റെ വെളിപ്പെടൽ ഉണ്ടാകുമെന്നും അപ്പോൾ അദ്ദേഹത്തിലും വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും വിശ്വസിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോടു പറഞ്ഞു: "വിശുദ്ധഖുർആനിലും അതിനു മുമ്പേയിറങ്ങിയ വഹ്‌യുകളിലും വിശ്വസിക്കാൻ വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. എന്നാൽ, നമുക്കിറങ്ങുന്ന വഹ്‌യിൽ വിശ്വസിക്കേണ്ടതിനെ സംബന്ധിച്ച് എന്തുകൊണ്ട് പറഞ്ഞില്ല എന്ന വിചാരം എനിക്കുണ്ടായി. ഞാനിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹു എന്റെ മനസ്സിൽ ഇങ്ങനെയൊരു കാര്യമിട്ടു. ***വല്ലദീന യുഅ്മിനൂന ബിമാ ഉൻസില ഇലയ്ക്ക വമാ ഉൻസില മിൻഖബ്‌ലിക്ക വബിൽ ആഖിറത്തിഹും യൂഖിനൂൻ*** എന്ന വചനത്തിൽ മൂന്ന് കാലത്തെ വഹ്‌യുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ***മാ ഉൻസില ഇലയ്ക്ക*** എന്നതിൽ വിശുദ്ധഖുർആന്റെ വഹ്‌യ്, ***മാ ഉൻസില മിൻ ഖബ്‌ലിക്ക*** എന്നതിൽ കഴിഞ്ഞുകടന്ന നബിമാർക്കുണ്ടായ വഹ്‌യ്, 'ആഖിറ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മസീഹ് മൗഊദിനുണ്ടാകുന്ന വഹ്‌യാണ്. ആഖിറ എന്നതിന്റെ അർത്ഥം പിന്നാലെ വരുന്നത് എന്നാകുന്നു. ആ പിന്നാലെ വരുന്ന സംഗതി എന്താണ്? മുമ്പേ പറഞ്ഞ കാര്യങ്ങളിൽനിന്ന് അത് വ്യക്തമാണ്. ഇവിടെ പിന്നാലെവരുന്ന സംഗതി കൊണ്ടുള്ള ഉദ്ദേശ്യം ഖുർആനുശേഷം ഇറങ്ങുന്ന വഹ്‌യാണ്. കാരണം അതിനുമുമ്പേ വഹ്‌യെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഒന്ന് നബി(സ) തിരുമേനിക്കിറങ്ങിയ വഹ്‌യ്. രണ്ട് നബി(സ) തിരുമേനിക്ക് മുമ്പേയിറങ്ങിയ വഹ്‌യ്. മൂന്ന് നബി (സ) തിരുമേനിക്ക് ശേഷം വരാൻ പോകുന്ന വഹ്‌യ്.'

(ഖുത്ബ, (13.7.07)

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ഹദ്റത്ത് സയ്യിദ ഉമ്മു നാസിർ സാഹിബ(റ)

*പി.കെ. വാഴക്കാല*

**സ**യ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരരുമശിഷ്യനായിരുന്ന ഹദ്റത്ത് ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബ്(റ)ന്റെ മകളായിരുന്നു ഉമ്മുനാസിർ. യഥാർത്ഥ പേര് റശീദാബേഗം എന്നായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദുമായുള്ള വിവാഹത്തിനു ശേഷം ഹദ്റത്ത് അമ്മാജാൻ(റ) മഹ്മൂദാ എന്നാക്കി മാറ്റി. ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റ)ന്റെ ജനനശേഷം നാസിറിന്റെ മാതാവ് എന്നർ ത്ഥത്തിൽ ഉമ്മുനാസിർ എന്ന പേരിൽ വിഖ്യാതയായി. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ വംശാവലിയിലാണ് അവിടത്തെ ജനനം. കുടുംബപേര് ഖുറൈശ് എന്നായിരുന്നു. ഇസ്‌ലാമിനോടും വിശുദ്ധഖുർആനോടും അളവറ്റ സ്നേഹം പ്രകടിപ്പിച്ചിരുന്ന ഈ കുടുംബത്തിൽ സ്ത്രീകൾ ഉൾപ്പെടെ ധാരാളം ഹാഫിളീങ്ങൾ ഉണ്ടായിരുന്നു. ആ മഹതീരത്നം തന്റെ പുത്രൻ നാസിർ അഹ്മദിനേയും വിശുദ്ധഖുർആൻ മനഃപാഠമാക്കിക്കൊണ്ട് ഈ പ്രക്രിയ തുടർന്നുപോന്നു. "വിശുദ്ധഖുർ ആനെ ആദരിക്കുന്നവർ ആകാശത്തിൽ ആദരിക്കപ്പെടും" എന്ന ദൈവിക വെളിപാടിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കണം ഹദ്റത്ത് ഉമ്മുനാസിർ സാഹിബക്ക് ഇരുലോകത്തും ആദരമുടയ സ്ഥാനം പ്രാപ്യമായത്.

ലാഹോർ നിവാസിയും റുഡ്കിയിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്ന ഡോക്ടർ സാഹിബ് തന്റെ വിശ്വാസാദരങ്ങൾ പ്രകടിപ്പിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ സാന്നിധ്യത്തിൽ നിന്നും പ്രയോജനമെടുക്കുന്നതിനുമായി ഇടയ്ക്കിടെ ഖാദിയാനിൽ വന്നുകൊണ്ടിരുന്നു. അർപ്പണമനോഭാവം മുഖമുദ്രയായിരുന്ന ഡോക്ടർ സാഹിബിനെ ഹുസൂർ തിരുമനസ്സും ഇഷ്ടപ്പെട്ടിരുന്നു. മറുഭാഗത്ത് നിനക്കു ശേഷം അനുഗൃഹീത മഹതീരത്നങ്ങളെ നൽകിക്കൊണ്ട് നിന്റെ തലമുറയെ നാം വർദ്ധിപ്പിക്കുകയും അതിൽ ബർക്കത്ത് നൽകപ്പെടുകയും ചെയ്യുന്നതാണെന്നുമുള്ള സുവാർത്തകൾ അല്ലാഹു ഹുസൂർ തിരുമനസ്സിന് നൽകിയിട്ടുണ്ടായിരുന്നു (തദ്കിറ, പേജ് 143). ഇതിന്റെ ബാഹ്യമായ പുലർച്ചക്കായി ഹുസൂർ (അ) തന്റെ മൂത്ത പുത്രന്റെ വിവാഹത്തിന്നായി ഡോക്ടർ സാഹിബിന്റെ മകളെ ആവശ്യപ്പെട്ടു. ചുരുക്കത്തിൽ ഈ ബന്ധം ഇഷ്ടപ്പെടാത്ത ധാരാളം വ്യക്തികൾ അദ്ദേഹത്തിന്റെ കുടുംബത്തിൽ ഉണ്ടായിരുന്നെങ്കിലും ഡോക്ടർ സാഹിബിന്റെ കൂറും ഭക്തിയും ആ പെൺകുട്ടിയെ അക്കാലഘട്ടത്തിലെ ലോകത്തിലെ ഏറ്റവും പരിശുദ്ധഗേഹത്തിലെത്തിച്ചു. ദാറുൽ മസീഹിൽ തനിക്ക് ലഭ്യമായ സ്നേഹാദരവിനേയും അനുകമ്പയേയും സ്മരിച്ചുകൊണ്ട് ഉമ്മുനാസിർ സാഹിബ എഴുതുന്നു:

"1920-ൽ വിവാഹിതയായി ഞാനിവിടെ എത്തുമ്പോൾ 11 വയസ്സായിരുന്നു പ്രായം. ചെറുപ്പത്തിൽത്തന്നെ ഇവിടെ എത്തിച്ചേരുവാനും അതുമുഖേന ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സാമീപ്യവും അവിടത്തെ പ്രാർത്ഥനകൾക്കും ഔദാര്യങ്ങൾക്കും അവകാശിയാകുവാനുമുള്ള ഭാഗ്യം കിട്ടിയത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം തന്നെയാണ്. ഹുസൂർ(അ)യും അമ്മാജാനും മാതാപിതാക്കളേക്കാൾ കൂടുതൽ സ്നേഹവാത്സല്യങ്ങൾ പകർന്നുതന്നു. കാരുണ്യത്തോടെ 'മഹ്മൂദ്' എന്നാണ് വിളിച്ചിരുന്നത്. ഞാനിവിടെ എത്തിയപ്പോൾ 'ചെറിയ കുട്ടിയാണ് ദുഃഖമുണ്ടാകും' എന്ന് പറഞ്ഞുകൊണ്ട് അമ്മാജാൻ മൂന്ന് രാത്രികൾ എന്നെ കൂടെ കിടത്തിയുറക്കി. ഒരു വർഷത്തിനുശേഷം ആഗ്രയിൽ നിന്ന് രണ്ടാമത് ഖാദിയാനിലെത്തുമ്പോഴും അമ്മാജാൻ തന്റെ കൂടെത്തന്നെ കിടത്തിയുറക്കി. ഉറക്കമുണർന്നപ്പോൾ ഞാൻ അമ്മാജാനെ കെട്ടിപ്പിടിച്ചു കിടക്കുകയായിരുന്നു. എന്റെ കണ്ണു നിറഞ്ഞു. എന്ത് സ്നേഹമായിരുന്നു അമ്മാജാൻ എന്നോട് കാണിച്ചിരുന്നത്. ഞാൻ,എന്റെ വീടിനേയും മാതാപിതാക്കളേയും മറന്നുപോകുന്ന അവസ്ഥയിലായി."

ആയിരം രൂപ ഹഖ്മഹറിൽ ഹദ്റത്ത് ഹാഫിള് ഹഖീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) 1902ൽ, ഓട്ടോസർ റുഡ്കിയിൽവെച്ചാണ് നിക്കാഹ് കർമ്മം നിർവ്വഹിച്ചത്. തനിക്ക് ലഭ്യമായ സ്നേഹാനുകമ്പയ്ക്കു പകരം ഹുസൂർ തിരുമനസ്സിനും അമ്മാജാനും സേവനം ചെയ്യുന്നതിന്നായി എപ്പോഴും ഉത്സുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വുളുവിന് തയ്യാറെടുക്കുമ്പോൾ വേഗം വന്ന് വെള്ളം ഒഴിച്ചുകൊടുക്കുമായിരുന്നു.

സയ്യിദ നവാബ് മുബാറക്കാബേഗം സാഹിബ(റ) തന്റെ സഹോദരിയുടെ സ്വഭാവചിത്രം ഇങ്ങനെ വരച്ചുകാണിക്കുന്നു.

"ഹുസൂർ(അ)നോടും അമ്മാജാനോടും ഒരു പ്രത്യേക ബന്ധമായിരുന്നു. കുട്ടിയായിരുന്നുവെങ്കിലും പ്രകൃത്യാലുള്ള ലജ്ജാശീലം കാരണമായി അവരുടെ മുമ്പാകെ സംസാരിക്കുമായിരുന്നില്ല. വലിയവരുടെ മുമ്പാ കെ വളരെ വിനയാന്വിതയായിട്ടായിരുന്നു ഇരിക്കാറുണ്ടായിരുന്നത്. ഹുസൂർ(അ)ന്റെ മുമ്പിൽ പോലും വളരെ സൂക്ഷ്മതയോടെ തന്റെ ദുപ്പട്ടകൊണ്ട് ശരീരം പൂർണ്ണമായും മറച്ചിട്ടായിരുന്നു വന്നിരുന്നത്. ഇതേ അവസ്ഥയിൽതന്നെയായിരുന്നു ദാറുൽ മസീഹിൽ കഴിഞ്ഞിരുന്നത്. യഥാർത്ഥത്തിൽ ഇവ്വിധം പർദ്ദ ആചരിക്കേണ്ടുന്ന ആരുംതന്നെ വീട്ടിൽ ഉണ്ടായിരുന്നില്ല. എന്റെ മറ്റ് സഹോദരങ്ങളെല്ലാംതന്നെ വളരെ ചെറിയവരായിരുന്നു."

(തുടരും)

# അഹ്മദിയ്യാ ആശുപത്രി വികസിപ്പിക്കുന്നു

**ഗാംബിയ:** ഗാംബിയായിലെ ടാലിസിങ്ങ് – കുഞ്ചാഗ് അഹ്മദിയ്യാ മുസ്‌ലിം ഹോസ്പിറ്റൽ (AMH) പുതിയ ഉപകരണങ്ങൾ സജ്ജീകരിച്ച് വിപുലമാക്കുന്നു. ഈ ഹോസ്പിറ്റലിൽ പുതിയ അൾട്രാസൗണ്ട് പരിശോധനാ സംവിധാനവും ഈ.സി.ജി യന്ത്രവും പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. 1981-ലാണ് AMH പ്രവർത്തനം തുടങ്ങിയത്. ഇതിലുള്ള ദന്തരോഗവിഭാഗം ഗാംബിയായിലെ ഏറ്റവും മികച്ച ദന്തസർജറി ആശുപത്രിയായി കണക്കാക്കപ്പെടുന്നു. മാസംതോറും 2000–2500 രോഗികളെ ചികിത്സിക്കുന്ന ദന്തരോഗ വിഭാഗം ചികിത്സാ മേഖലയിൽ ഏറെ മുന്നിലാണ്. ജനറൽ മെഡിസിൻ വിഭാഗത്തിൽ 2300 ഓളം രോഗികൾ മാസംതോറും ഇവിടെ നിന്ന് ചികിത്സ നേടുന്നു. ഗാംബിയായിലെ ആശുപത്രികളിൽ സേവന കാര്യങ്ങളിൽ AMH ഏറെ മുന്നിലാണ്. ചികിത്സിക്കാൻ പണമില്ല എന്ന കാരണത്താൽ ഒരാൾക്കും ചികിത്സ നിഷേധിക്കപ്പെടരുത് എന്നതാണ് അഹ്മദിയ്യാ ഹോസിപിറ്റലിന്റെ അടിസ്ഥാന പ്രമാണം. AMHന്റെ അഡ്മിനിസ്ട്രേറ്റർ ഗാംബിയൻ നിവാസിയായ സിക്ക് ഒ.എം. ഡിബ്ബയാണ്.

*ചരിത്രരേഖകൾ ......................................................................*

(അഹ്മദികൾക്കെതിരായി ചാലിലകത്ത് മൗലവി ഇറക്കിയ നോട്ടീസ്)

# "ഖാദിയാനീറദ്ദിന്ന് ഇതാ ഞാൻ അരയും മുറുക്കി ഒരുങ്ങി നിൽക്കുന്നു!"

**മർഹൂം ചാലിലകത്ത് മൗലവി കുഞ്ഞഹ്മദ്, തിരൂരങ്ങാടി**

**കേ**രളത്തിലാദ്യമായി കണ്ണൂരിൽ അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സത്യകാഹളം ഉയർത്തപ്പെട്ടപ്പോൾ അതിന്നെതിരായി പൊങ്ങിയ ആദ്യത്തെ പ്രതിഷേധ വിജ്ഞാപനമാണ് അറബി മലയാളത്തിൽ 90 കൊല്ലം മുമ്പ് അച്ചടിച്ചതും, കേരളത്തിൽ അന്നത്തെ പേരുകേട്ട ആലിമും ഉലമാക്കന്മാരുടെയെല്ലാം ഗുരുനാഥനും എം.സി.സി. സഹോദരന്മാരുടെ പിതാവുമായ തിരൂരങ്ങാടിയിലെ മർഹൂം മൗലവി ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അവർകൾ രചിച്ചതുമായ ഈ പരസ്യം. കേരളത്തിലെ ഒന്നാമത്തെ അഹ്മദി ഹദ്റത്ത് ഇ. അബ്ദുൾ ഖാദർകുട്ടി സാഹിബ്(റഹ്) ഇദ്ദേഹവുമായാണ് അറക്കൽ കൊട്ടാരത്തിൽവച്ച് (ദരിയാമഹൽ) ഒന്നാമത്തെ സംവാദം (1909) നടത്തിയത്. ഈ ലഘുപത്രികയ്ക്ക് കണ്ണൂർ അഹ്മദികളുടെ ഭാഗത്തുനിന്ന് മർഹൂം അമ്പിലാന്റവിട മുഹമ്മദ് കുഞ്ഞി അവർകളുടെ പേരിൽ ഒരു മറുപടിയും പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ രണ്ടിലും തിയ്യതി ചേർത്തിട്ടില്ല. – സമ്പാദകൻ.

മലബാർ മുസ്‌ലിംകളായ എല്ലാ സഹോദരന്മാരും അറിയേണ്ടതിന്ന്,

ഈയ്യിടെ കണ്ണൂരിൽ ഖാദിയാനി എന്നുപേരായ ഒരു പുതിയ വർഗ്ഗം ഉണ്ടായിത്തീർന്നിട്ടുണ്ടെന്നു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. എന്നാൽ, ഇത്ര വാഹിയാത്തും പരിഹാസവുമായ ഒരു ബാത്തിൽ നമ്മുടെ മലബാറിൽ വന്നു പിടിപെട്ടതിനെപ്പറ്റി ഞാൻ അത്യന്തം വ്യസനിക്കുന്നു. മലയാളി മുസ്‌ലിംകൾ പഠിപ്പുകളിലും മറ്റും നന്നെ ഹീനരാണെങ്കിലും ഈമാനിൽ മറ്റുള്ള ഇന്ത്യൻ മുസ്‌ലിംകളേക്കാൾ ഏറ്റവും ശക്തിയുള്ളവരായിരുന്നു. എന്നുതന്നെയുമല്ല, ഇന്ത്യയിൽവച്ചു ഇസ്‌ലാമിയത്ത് ഒന്നാമതായി ഉണ്ടായതായ രാജ്യവും മലബാറാകുന്നു.* ഇതു നിമിത്തം പഴയ വിശ്വാസത്തിന് എതിരായി എന്തുതന്നെ കൊണ്ടുവന്നാലും നമ്മുടെ ദിക്കുകാർ അനുസരിക്കൽ പതിവില്ലായിരുന്നു. അഥവാ വല്ല ബാത്തിലിനെയും ഒരുവൻ കൊണ്ടുവരുവാൻ വിചാരിച്ചിട്ടുണ്ടെങ്കിൽ ശേഖെന്നും പറഞ്ഞുകൊണ്ടാണ് കൊണ്ടുവരൽ പതിവ്. എന്നാലും ഈവിധം വാഹിയാത്ത് ആരു കൊണ്ടുവന്നിട്ടും കൊണ്ടുവരാൻ ഉറച്ചിട്ടും ഇല്ല. ഇത് വലിയ അത്ഭുതംതന്നെ**. ഖാദിയാനി വർഗ്ഗക്കാരുടെ 'അഖീദ'കളെപ്പറ്റി അല്പം താഴെ വിവരിക്കുന്നു. ഖാദിയാൻ എന്നു പറയുന്നത് ഒരു രാജ്യത്തിന്റെ പേരാണ്. അവിടെ മിർസാ ഗുലാം അഹ്മദ് എന്നുപേരായ ഒരാളുണ്ടായിരുന്നു. അയാൾ ആദ്യത്തിൽ പാതിരിമാരോടും മറ്റും മതപ്രസംഗം ചെയ്യുന്ന ആളായിരുന്നു. ഇംഗ്ലീഷ്, അറബി, ഫാർസി മുതലായ കുറേ ഭാഷകളും അറിവുണ്ടായിരുന്നു. ഈ ഭാഷകളിലെല്ലാം ഒരുവിധം സംസാരിക്കാനും എഴുതാനും അറിയാം. ഇയാൾ പ്രസംഗം ചെയ്തു വളരെ മൂത്ത് ചില 'ദഅ്‌വാ' കളെല്ലാം പറയാൻ തുടങ്ങി. അവകളിൽ (1) വാനലോകത്തേക്ക് മനുഷ്യന്റെ കയറ്റവും അവിടെ താമസിക്കലും ഹിതമുള്ളതല്ല. ജീവജന്തുക്കൾ അവിടെ താമസിച്ചാൽ നൊടിനേരം കൊണ്ട് മരണപ്പെട്ടുപോകുന്നതാണ്. മുസ്‌ലിംകളും നസാറാക്കളും ഈസനബി (അലൈഹിസ്സലാം) തങ്ങൾ ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നുവെന്നും അവിടെ താമസിച്ചുവരുന്നുണ്ടെന്നും പറഞ്ഞുവരുന്നത് തെറ്റാണ്. (2) ഒടുവിൽ ദജ്ജാൽ എന്നുപേരായ ഒരുവൻ ഉണ്ടാകുമെന്നും അവനെ കൊല്ലേണ്ടുന്നതിന്നായി ഈസാനബി(അ) തങ്ങൾ ആകാശത്തുനിന്നും ഇറങ്ങിവരുമെന്നും മറ്റും മുസ്‌ലിംകൾ പറഞ്ഞുവരുന്നതും തെറ്റാണ്. (3) ഹദീസുകളിൽ ദജ്ജാലുണ്ടാകുമെന്ന് പറഞ്ഞിട്ടുള്ള ഹദീസ്സിലെ ദജ്ജാലുകൊണ്ട് മുറാദ് പാതിരിമാരാണ്. (4) ഖുർആനിൽ പറഞ്ഞിട്ടുള്ള യഅ്ജൂജ് മഅ്ജൂജ്കൊണ്ട് മുറാദ് ഇംഗ്ലീഷുകാരും ഇറ്റാലിയാക്കാർ മുതലായ നസാറാക്കളാണ്. (5) ഒടുവിൽ ഈസാനബി (അലൈഹിസ്സലാം) തങ്ങൾ ഇറങ്ങിവരുമെന്ന് പറഞ്ഞിട്ടുള്ള ഹദീസുകളിലുള്ള ഈസാ എന്ന വാക്കുകൊണ്ട് മുറാദ് ഈസാ (അലൈഹിസ്സലാം) തങ്ങളല്ല അവരെ പോലുള്ള ഒരാളാണ്. അതു ഞാനാണ്. ഞാൻ നബിയാണ് എന്നെക്കൊണ്ട് വിശ്വസിക്കാത്തവൻ ജഹന്നമിയാണ്. ഇങ്ങനെ അനേകം ദഅ്‌വാകൾ പറഞ്ഞിട്ടുള്ള ഈയാളെ വിശ്വസിച്ച കൂട്ടരാണ് ഖാദിയാനിവർഗ്ഗക്കാർ എന്നു പറഞ്ഞുവരുന്നത്. ഇക്കൂട്ടർ മലയാളത്തിൽ പരന്നുപോകുന്നതിനാൽ ഉണ്ടായിത്തീരുന്ന ആപത്തുകൾ എന്തൊക്കെയാണെന്ന് ഞാൻ വളരെ ഭയപ്പെടുന്നു. ഏറനാട്, വള്ളുവനാട് മുതലായ താലൂക്കുകളിലെ മുസ്‌ലിംകൾക്ക് ഈ വിശ്വാസങ്ങളെങ്ങാനം വന്നുപോയിട്ടുണ്ടെങ്കിൽ ദജ്ജാലിന്റെ ഫിത്നകളെപ്പറ്റി എല്ലാ നിസ്കാരത്തിലുംകൂടി ദുആ ഇരപ്പാൻ കല്പിച്ചിരിക്കുന്നുവല്ലോ എന്നും പറഞ്ഞ് അവർ പാതിരിമാരെ പല അപകടകരമായ അനർത്ഥങ്ങൾ വരുത്തുവാനും തുടങ്ങും. ഇതിൽപരം മുസീബത്ത് മറ്റെന്താണ്?*** ആലോചിക്കിൻ. ഈവിധം ശർറുകളെ

*(ശേഷം 8-ാം പേജിൽ)*


## ഖുർആൻ

“അങ്ങനെ നിങ്ങൾ നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ നിന്നും, ഇരുന്നും നിങ്ങളുടെ പാർശ്വങ്ങളിലായി (കിടന്നും) അല്ലാഹുവിനെ സ്മരിക്കുക. പിന്നീട് നിങ്ങൾ സമാധാനസ്ഥിതി പ്രാപിച്ചുകഴിഞ്ഞാൽ (മുറപ്രകാരം) നമസ്കാരം നിലനിറുത്തുക. നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു” (4:104).

## നബിവചനം

“ആരെങ്കിലും (ജനങ്ങളെ) നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നതായാൽ അയാൾക്ക് അത് പിൻപറ്റിയ ആളിനുള്ളത്ര പ്രതിഫലമുണ്ട്. അവരുടെ പ്രതിഫലത്തിൽ നിന്നും അൽപം പോലും കുറവു വരുത്തുകയുമില്ല. അപ്രകാരം തന്നെ വല്ലവനും മറ്റുള്ളവരെ മാർഗ്ഗഭ്രംശത്തിലേക്ക് ക്ഷണിക്കുന്നതായാൽ അത് പിൻപറ്റിയവനുള്ള പാപത്തിന് തുല്യമായ പാപം അവനുമുണ്ടാകും. പാപം ചെയ്യുന്നവരുടെ ശിക്ഷയിൽ കുറവു വരുത്തുകയുമില്ല (മുസ്ലിം)

## യുഗശബ്ദം



ഒരുവൻ തന്റെ വിശ്വാസത്തിനനുസരിച്ച് തന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നില്ലെങ്കിൽ അവൻ ഒരുറച്ച വിശ്വാസിയാണെന്ന് അവകാശപ്പെടുന്നത് വെറും ആത്മവഞ്ചന മാത്രമായിരിക്കും. യഥാർത്ഥ ദൈവവിശ്വാസം ഒരുവനിൽ പാപം നിലനിറുത്താൻ അനുവദിക്കുകയില്ല. അപ്പോൾ ഇവിടെ ഉയരുന്ന ചോദ്യമിതാണ്. എങ്ങനെ യഥാർത്ഥ വിശ്വാസം സ്വായത്തമാക്കാം? ഒരു രോഗി ഡോക്ടറെ സമീപിക്കുമ്പോൾ, രോഗപ്രതിരോധത്തിന്നായുള്ള മരുന്നുകളും നിർദ്ദേശങ്ങളും നൽകുന്നു. ഇത്തരത്തിൽ രോഗിക്ക് മുന്നറിയിപ്പ് നൽകേണ്ടത് ഒരു ഡോക്ടറുടെ കടമയാണ്. എന്നാൽ, രോഗി അതിനനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ, മരുന്നുകൾ യഥാവിധി കഴിക്കുന്നുണ്ടോ എന്നീവക കാര്യങ്ങളിൽ രോഗി സ്വയം തന്നെയാണ് ശ്രദ്ധിക്കേണ്ടത്. അല്ലാതെ ഈ വക കാര്യങ്ങൾ ശ്രദ്ധിക്കേണ്ട ചുമതല ഡോക്ടർക്കല്ല. ഇതുപോലെ ശരിയായ ആത്മീയ പ്രതിവിധികൾ പാലിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് ഓരോരുത്തരും സ്വയം തന്നെയാണ്.

ചുരുക്കത്തിൽ ദൈവത്തെ നമ്മുടെ ബാഹ്യദൃഷ്ടികൾകൊണ്ട് കാണ്മാനോ ബാഹ്യേന്ദ്രിയങ്ങളാൽ അവന്റെ സത്ത അനുഭവിച്ചറിയാനോ സാധ്യമല്ല. ബാഹ്യമായി ദർശിക്കാനും അനുഭവിച്ചറിയാനും സാധിക്കുന്ന ഒന്നാണെങ്കിൽ ദൈവത്തെ എല്ലാവർക്കും കാണാനും അവന്റെ സത്ത അനുഭവിച്ചറിയാനും സാധിക്കുമെന്നതിൽ സംശയമില്ല. എന്നാൽ, ദൈവത്തെ അറിയുന്നതിന് ഇത്തരത്തിലുള്ള ബാഹ്യേന്ദ്രിയങ്ങളുടെ ആവശ്യമില്ലതന്നെ. അവനെ തിരിച്ചറിയുന്നതിന് പ്രത്യേകമായ ചില മാർഗ്ഗങ്ങളും ആത്മീയമായ ഇന്ദ്രിയങ്ങളും നിലനിൽക്കുന്നുണ്ട്. ബ്രാഹ്മണന്മാരും ബുദ്ധിരാക്ഷസന്മാരും തത്വജ്ഞാനികളും ദൈവത്തെ കാണാൻ അങ്ങേയറ്റം പരിശ്രമിക്കുകയും അതിൽ പരാജയപ്പെടുകയും ചെയ്തവരാണ്. ദൈവത്തെ ദർശിക്കുന്ന തരത്തിലുള്ള അത്ഭുതകരമായ പരിവർത്തനം ഒരുവനിൽ വരുത്തുന്ന യഥാർത്ഥമായ വിശ്വാസത്തിൽ ഇവർക്കൊന്നും എത്തിച്ചേരാനായില്ല. സ്വന്തം നില ഇതാകുമ്പോൾ അവർക്കെങ്ങനെ മറ്റുള്ളവരെ നയിക്കാനാകും. സംതൃപ്തിയും സമാധാനവും സ്വന്തം നിലയിൽ സ്വായത്തമാക്കാൻ സാധിക്കാത്തവർക്ക് എങ്ങനെ മറ്റുള്ളവരെ സംതൃപ്തിയിലും സമാധാനത്തിലും എത്തിക്കാൻ സാധിക്കും.

ഈ കാര്യത്തിൽ വെളിച്ചം നൽകുന്നവർ പ്രവാചകന്മാരാണ്. ആയതിനാൽ ഏതൊരുവൻ വിശ്വാസത്തിന്റെ വെളിച്ചം സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നുവോ അവൻ അതിനായുള്ള യഥാർത്ഥപാത കണ്ടെത്തേണ്ടതും അതിലൂടെ ചരിക്കേണ്ടതും ആവശ്യമാണ്. പാപങ്ങളിൽനിന്ന് മുക്തനാകാനും ആത്മീയജ്ഞാനവും ദൈവസാമീപ്യവും കരസ്ഥമാക്കാനും ഇതുകൂടാതെ സാധ്യമല്ല. ഒരു വ്യക്തി സത്യത്തിന്റെ പന്ഥാവിലൂടെ ചരിക്കുമ്പോൾ അവന് പ്രശ്നങ്ങളേയും പ്രയാസങ്ങളേയും നേരിടേണ്ടിവരുന്നു. സ്വന്തം കുടുംബത്തെക്കുറിച്ചും അയൽക്കാരെ സംബന്ധിച്ചും സ്റ്റേറ്റിന്റെ നിലപാടിനെ സംബന്ധിച്ചുമുള്ള ഭയം അവനിൽ അങ്കുരിക്കുന്നു. എന്നാൽ, അവൻ സത്യത്തെ മുറുകെപിടിക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയുമാണെങ്കിൽ ഈ പ്രശ്നങ്ങളിൽ നിന്നെല്ലാം അവൻ മുക്തനാകുന്നു. ദൈവവുമായി അടുത്തബന്ധം സ്ഥാപിക്കേണ്ടതും അതിന്റെ ഫലമായുണ്ടാകുന്ന ഏതുതരം പരിഹാസവും അവഗണിക്കേണ്ടതും ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം നിർബന്ധമാണ്. ബാഹ്യമായ പ്രശ്നങ്ങളുടേയും പരിഹാസങ്ങളുടേയും തടവറയിൽ അകപ്പെട്ട് കഴിയുന്ന കാലത്തോളം ഒരുവന് യഥാർത്ഥ വിശ്വാസിയായിത്തീരാൻ സാധ്യമല്ല. (മൽഫൂസാത്ത്, വാല്യം 4, പേജ് 314, 315)

# വീണ്ടും താജ്മഹൽ



*ആശിഖ്. ടി.*

ലോകവിസ്മയങ്ങളുടെ പുതിയ പട്ടികക്കായി സ്വിറ്റ്സർലാന്റിലെ ന്യൂസെവൻ വണ്ടേഴ്സ് ഫൗണ്ടേഷൻ നടത്തിയ ഓൺലൈൻ വോട്ടെടുപ്പിൽ വെണ്ണക്കൽ ഇതിഹാസമായ താജ്മഹൽ ഇടം തേടിയത് ഭാരതീയരെ ഒട്ടൊന്നുമല്ല ആഹ്ലാദിപ്പിച്ചത്. വോട്ടെണ്ണൽ ഫലമറിയാൻ ലക്ഷങ്ങളാണ് ദൃശ്യമാധ്യമങ്ങൾക്കു മുമ്പിൽ അണിനിരന്നത്. ഇന്ത്യയുടെ ഈ വിസ്മയം പറയുന്നത് അനശ്വരപ്രേമത്തിന്റെ കഥ മാത്രമല്ല, മതാതീതമായ സൗന്ദര്യബോധത്തിന്റെ ലോക മാതൃക കൂടിയാണ്. കുടിയേറിയ ഇസ്ലാമിക സംസ്കാരങ്ങളെ തച്ചുതകർക്കുക നയമാക്കിയ സാംസ്കാരിക സമൂഹത്തിൽ ‘താജ്’ ഇന്നും ഉയർന്നു നിൽക്കുന്നുവെന്നത് ചെറിയ കാര്യമല്ല.

തച്ചുശാസ്ത്രപരമായ വിസ്മയത്തേയും കണക്കുകളേയും അപ്രസക്തമാക്കിക്കൊണ്ട് കാലാതീതമായ ഒരു ഗണിതകലയാണ് താജ്മഹൽ ആവിഷ്കരിക്കുന്നത്. അതിൽ പ്രേമവും പ്രേമഭംഗവും മാത്രമല്ല, രാജകീയമായ ക്രൗര്യത്തിന്റെ ചോരയും കണ്ണുനീരും കലർന്നിട്ടുണ്ട്. ആയിരം ആനകൾ വലിച്ചുകൊണ്ടുവന്ന കൂറ്റൻ വെണ്ണക്കല്ലുകളെ കൂട്ടിയിണക്കിയത് പച്ചയായ മനുഷ്യരുടെ ചോരയും വിയർപ്പും കൂടിയാണ്.

താജ്മഹൽ പണിയുന്ന കാലത്ത് രാജ്യത്തിന്റെ സർവ്വസമ്പത്തും അതിനായി മാത്രം വിനിയോഗിക്കപ്പെട്ടു. സമീപഗ്രാമങ്ങളിലാകെ കൊടുംപട്ടിണി വ്യാപിച്ചുവത്രെ. മന്ദിരത്തിന്റെ പണി നടക്കുമ്പോൾ പുറത്തുള്ളവർ കാണാതിരിക്കാനായി ചുറ്റും മാനംമുട്ടെ കെട്ടി മറച്ചിരുന്നു. മുംതാസിന്റെ സൗന്ദര്യത്തിൽ ഭ്രാന്തുപിടിച്ച ഷാജഹാൻ അവളെ കുരുതി കഴിച്ചതാണെന്നും അതിന്റെ പ്രായശ്ചിത്തമാണ് മാഞ്ഞുപോകാത്ത സൗന്ദര്യമായി യമുനാതീരത്ത് ഉയർന്നുനിൽക്കുന്നതെന്നും നാടോടിക്കഥകളുണ്ടെങ്കിലും അത് അസൂയമൂത്ത സാംസ്കാരിക വ്യതിയാനമായി കണക്കാക്കി നമുക്ക് തള്ളിക്കളയാം.

ഇന്ത്യയിലെ വിലപിടിപ്പുള്ള മാർബിൾ ലേലം ചെയ്യുന്നതോടൊപ്പം താജ്മഹലും ലേലം ചെയ്തുവില്ക്കാൻ 1830–ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഒരുമ്പെട്ടിരുന്നു. താജ്മഹൽ പൊളിച്ച് വിലപിടിപ്പുള്ള ഓരോ വസ്തുവും ഇംഗ്ലണ്ടിലേക്ക് കടത്തിക്കൊണ്ടുപോയി വിൽക്കുകയായിരുന്നു ലക്ഷ്യം. അങ്ങനെ സംഭവിക്കാതെ പോയത് ലോകജനതയുടെ മഹാഭാഗ്യം. കഴിഞ്ഞ മൂന്നര നൂറ്റാണ്ടായി മനുഷ്യഭാവനകളെ അമ്പരപ്പിച്ചുകൊണ്ട് ഈ പ്രേമഭാവന വളരുകയാണ്.

ആഗ്രയിലെ ചെങ്കോട്ടക്കു സമീപം എല്ലാ വർഷവും നടക്കുന്ന ഉത്സവച്ചന്തയിൽവച്ചാണ് ഷാജഹാൻ ആദ്യമായി മുംതാസിനെ കണ്ടുമുട്ടിയത്. ഷാജഹാന്റെ പിതാവായ ജഹാംഗീർ ചക്രവർത്തിയുടെ പ്രധാനമന്ത്രിയായ ആസിഫ്ഖാന്റെ പുത്രിയാണ് അർജുമന്ദ് ബാനു ബീഗം എന്ന മുംതാസ്. മുംതാസിനേക്കാൾ പ്രായം കുറവാണെങ്കിലും ഷാജഹാന്റെ നിർബന്ധത്തിനു വഴങ്ങി പിതാവ് വിവാഹം കഴിച്ചുകൊടുത്തു. അർജുമന്ദ്ബീഗത്തിന്റെ അപരിമേയമായ സൗന്ദര്യത്തിലും പ്രേമത്തിലും മുങ്ങിപ്പോയ ഷാജഹാൻ അവളെ മനസ്സലിഞ്ഞു വിളിച്ച പേരാണ് ‘കൊട്ടാരത്തിന്റെ പ്രിയങ്കരി’ എന്നർത്ഥം വരുന്ന മുംതാസ്മഹൽ.

ഒരു പാതിരാവിൽ എന്നെന്നേക്കുമായി മിഴിയടക്കും മുമ്പ് മുംതാസ് നാലുകാര്യങ്ങൾ ഷാജഹാനോട് അഭ്യർത്ഥിച്ചിരുന്നുവത്രെ. തന്റെ ഓർമ്മയ്ക്കായി ഒരു സ്മാരകം പണിയുക, ഓരോ ചരമവാർഷികത്തിലും ഷാജഹാൻ അവിടെ സന്ദർശിക്കുക, വീണ്ടും വിവാഹം കഴിക്കുക, മക്കളോട് കരുണ കാണിക്കുക എന്നിവയായിരുന്നു അത്. വിധിവൈപരീത്യമെന്നു പറയട്ടെ പുത്രനായ ഔറംഗസീബിന്റെ തടവിൽ കഴിയാനായിരുന്നു ഷാജഹാന്റെ അവസാനകാല വിധി. പേർഷ്യ, യൂറോപ്പ് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ശിൽപികളാണ് താജ് നിർമ്മിക്കാനെത്തിയത്. 1648–ൽ താജ്മഹൽ പൂർത്തിയായെങ്കിലും അതിന്റെ ഉദ്യാനം നിർമ്മിക്കാനായി പിന്നേയും 5 വർഷം വേണ്ടിവന്നു.

താജ്മഹലിന്റെ മകുടത്തിൽ ഒരു വിള്ളൽ ശ്രദ്ധിച്ചിട്ടുണ്ടാകും. ഈ ലോകാത്ഭുതം പണിത ശിൽപി മറ്റൊരു മന്ദിരം പണിതാൽ അത് താജ്മഹലിന്റെ മഹിമക്ക് ഇടിവുണ്ടാകുമെന്ന് കരുതിയ ഷാജഹാൻ ശിൽപിയുടെ വലതുകൈ വെട്ടിമാറ്റാൻ കല്പിച്ചുവത്രെ. ദുഃഖിതനും നിരാലംബനുമായ ശിൽപി അവസാനമായി താജ്മഹൽ സന്ദർശിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഷാജഹാൻ അത് സമ്മതിച്ചു. ആ സന്ദർശനവേളയിൽ തന്റെ സർവ്വപ്രതികാരവും ചുറ്റികയിൽ ആവാഹിച്ച് താജ്മഹലിന്റെ മകുടത്തിൽ ആഞ്ഞടിച്ചു. അങ്ങനെയുണ്ടായതാണത്രെ ഈ വിള്ളൽ.

എന്തൊക്കെയായാലും താജ്മഹൽ മാനംമുട്ടെ ഉയർന്നുനില്ക്കുകയാണ്. സപ്തസൗന്ദര്യ പട്ടികയിൽ നിന്നും ഒരിക്കൽ പുറത്തായ താജ്മഹൽ വീണ്ടും പൂർവ്വാധികം പ്രൗഢിയോടെ തിരിച്ചുവന്നിരിക്കുകയാണ്. ഓരോ ഇന്ത്യക്കാരന്റേയും അഭിമാനനിമിഷമാണിത്.

# പാക്കിസ്ഥാനിൽ പുതിയ തരംഗം


**ഇസ്ലാമാബാദ്:** ജസ്റ്റിസ് ഇഫ്തിഖാർ ചൗദ്ദരിയെ ചീഫ് ജസ്റ്റിസായി പുനർനിയമിച്ചുകൊണ്ടുള്ള പാക്ക് സുപ്രീംകോടതി വിധി ജനറൽ പർവേശ് മുശറഫിന് വലിയ ആഘാതമാകുന്നു. ആഭ്യന്തരമായ ഒട്ടേറെ പ്രശ്നങ്ങൾ ഇപ്പോൾതന്നെ നേരിടുന്ന മുശ്റഫിന്റെ രാഷ്ട്രീയ ഭാവിയെത്തന്നെ ഇത് സ്വാധീനിച്ചേക്കാം.

പാക്കിസ്ഥാന്റെ നീണ്ട നാളത്തെ ചരിത്രത്തിന് തിരുത്തിയെഴുത്തായിരുന്നു ഈ സുപ്രധാനവിധി. സാധാരണഗതിയിൽ പട്ടാളഭരണകൂടം പറയുന്ന കാര്യങ്ങൾ അനുസരിക്കുക മാത്രം ശീലിച്ചിരുന്ന സുപ്രീംകോടതി ഉൾപ്പെടുന്ന ജുഡീഷ്യൽ വ്യവസ്ഥ മറിച്ചൊരു വിധി പ്രകടനത്തിലൂടെ ലോകത്തെ അമ്പരപ്പിച്ചു. പാക്കിസ്ഥാനിലെ അഭിഭാഷകസമൂഹം നീണ്ടനാളുകളായി നടത്തിവന്ന പ്രക്ഷോഭങ്ങളുടെ പരിണിതഫലമായി ഈ സുപ്രധാന മാറ്റത്തെ ചെറുതാക്കിക്കൂടാ. പാക്കിസ്ഥാനിൽ കോടതികൾ നേടാനിരിക്കുന്ന നിർണായകമായ പങ്കിന്റെ സൂചനകൂടിയാണിത്.

മുശ്റഫിന്നെതിരായ ഒട്ടേറെ കേസുകൾ പാക്ക് കോടതികളിൽ വിചാരണ നേരിടാൻ പോവുകയാണ്. ഈ കേസുകളിൽ അഥവാ ഏതെങ്കിലുമൊന്നിൽ തിരിച്ചടി നേരിടുകയാണെങ്കിൽ മുശ്റഫിന്റെ മുഴുവൻ പദ്ധതികളും അവതാളത്തിലാകും. എന്തായാലും പാക്കിസ്ഥാനിൽ നീതിന്യായവ്യവസ്ഥയും ജനാധിപത്യവും സമഗ്രമാകുന്ന ഒരു പുതിയ സിവിൽ സൊസൈറ്റി ഈ വിധിയിലൂടെ പുനഃസ്ഥാപിക്കപ്പെടണം എന്നതാണ് ലോകമതം.

# ‘എന്റെ ഉമ്മ’ പ്രകാശനം ചെയ്തു

**പഴയങ്ങാടി:** ചൗദ്ദരി മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ(റ) രചിച്ച ‘മേരി വാലിദ’ എന്ന പുസ്തകത്തിന്റെ മലയാള വിവർത്തനമായ ‘എന്റെ ഉമ്മ’ എന്ന പുസ്തകം 19.7.07–ന് വ്യാഴാഴ്ച പഴയങ്ങാടി താഹിർ മസ്ജിദിൽ ചേർന്ന ചടങ്ങിൽ പ്രകാശനം ചെയ്തു. ശിക്ഷണപരമായി ഏറെ പ്രാധാന്യം അർഹിക്കുന്ന, ആബാലവൃദ്ധം ജനങ്ങളും വായിച്ചിരിക്കേണ്ടുന്ന ഈ പുസ്തകം ഭാരത് ഖസാ ബോർഡ് നാസിം ജനാബ് സൈനുദ്ദീൻ ഹാമിദ് സാഹിബ്, അഡ്വ. ജമീൽ അഹ്മദ് സാഹിബിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. മേഖലാ അമീർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രസിദ്ധീകരണ വിഭാഗം സദർ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. പഴയങ്ങാടി മജ്ലിസ് അൻസാറുല്ലാഹ് സയീം ജനാബ് മസൂദ് സാഹിബ് ആശംസ നേർന്നു. പബ്ലിക്കേഷൻ അഡ്മിനിസ്ട്രേറ്റർ ജനാബ് ഷറഫുദ്ദീൻ സാഹിബ് സ്വാഗതവും ഫിനാൻഷ്യൽ സിക്രട്ടറി പി. മുസഫർ സാഹിബ് നന്ദിയും രേഖപ്പെടുത്തി. പുസ്തകത്തിന്റെ വിവർത്തകനായ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പുസ്തകത്തെക്കുറിച്ച് സദസ്സിന് പരിചയപ്പെടുത്തി.


‘എന്റെ ഉമ്മ’

*വില്പനയിൽ*

വില: 30 രൂപ.

പിന്നിട്ട നാളുകൾ

# മൗലവി യു. അബൂബക്കർ സാഹിബ്

**തയ്യാറാക്കിയത് - ശംസുദ്ദീൻ**



**വ**ടകരയിലെ ഒരു പ്രമുഖ സുന്നിതറവാടാണ് ഉമ്മർച്ചി തറവാട്. വൻതോതിൽ ആസ്തിയുള്ള ഒരു കുടുംബം. പ്രസ്തുത കുടുംബത്തിൽനിന്നും അഹ്മദിയ്യാ ജമാഅത്തിലേക്ക് ഒരു യുവാവ് ആകൃഷ്ടനായി. 1952-ൽ ആ വ്യക്തി ബയ്അത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹമാണ് മൗലവി.യു. അബൂബക്കർ സാഹിബ്. നെട്ടൂർ വീട്ടിൽ അബ്ദുല്ല ഹാജിയുടേയും ഉമ്മർച്ചിന്റവിട ഫാത്തിമയുടേയും മൂത്തമകൻ.

വടകര ബി.ഇ.എം. ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് സത്യത്തിന്റെ സന്ദേശം അബൂബക്കറെന്ന ചെറുപ്പക്കാരന്റെ മനസ്സിൽ കടക്കുന്നത്; ആരാലും തബ്ലീഗ് ചെയ്യപ്പെടാതെ. ഹൈസ്കൂളിനടുത്ത് ഒരു അടക്കക്കച്ചവടക്കാരനുണ്ട്; അബ്ദുല്ല. അബൂബക്കർ എന്ന വിദ്യാർത്ഥി ഈ കടയിൽ നിത്യസന്ദർശകനാണ്. അവിടെനിന്നുമാണ് സത്യത്തിലേക്കുള്ള പാതയൊരുക്കിയ സത്യദൂതൻ കാണുന്നത്. അതു വായിച്ചപ്പോൾ അതിലേക്ക് ആകൃഷ്ടനായി. ഉടനെ കണ്ണൂരിലേക്ക് പുറപ്പെട്ടു സത്യദൂതന്റെ എല്ലാമായ മർഹൂം എൻ. ഹാമിദ് സാഹിബിനെ കാണാൻ.

കണ്ണൂർ സിറ്റിയിലെത്തിയ അബൂബക്കർ സാഹിബ് ഹാമിദ് സാഹിബിനെ സന്ദർശിച്ചു. അദ്ദേഹത്തിൽനിന്നും സത്യദൂതന്റെ പഴയ വാള്യങ്ങൾ സ്വന്തമാക്കി. അതുമെടുത്ത് വടകരയിലെ തറവാട്ടിലേക്കുതന്നെ തിരിച്ചെത്തി. ആരുംകാണാതെ സത്യദൂതൻ വാള്യങ്ങൾ ഒളിപ്പിച്ചുവച്ചു. അതു വായിച്ചുതുടങ്ങി. പക്ഷേ, അധികകാലം ഈ ഒളിച്ചുകളി സാധ്യമായില്ല. അങ്ങനെതന്നെയാണല്ലോ സംഭവിക്കുക. സത്യം കുറേകാലം മൂടിവെക്കാനാവുകയില്ലല്ലോ. പിതാവ് കാര്യം കണ്ടുപിടിച്ചു. അതോടെ പ്രശ്നമായി.

അന്ന് വടകരപ്രദേശത്ത് ഒരഹ്മദി മാത്രമേ ഉണ്ടായിരുന്നുള്ളൂ; എം.പി. മൊയ്തീൻ സാഹിബ്. അബൂബക്കർ സാഹിബ് അദ്ദേഹത്തെ സമീപിച്ചു, സാഹിത്യങ്ങൾക്കുവേണ്ടി. 'ഇസ്ലാം മതതത്ത്വജ്ഞാന' ത്തിന്റെ ആദ്യപ്രതിയായ 'ഇസ്ലാംമത സിദ്ധാന്തങ്ങൾ' എന്ന വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥത്തിനാണ് ആവശ്യപ്പെട്ടത്. പക്ഷേ, അതുണ്ടായിരുന്നില്ല. പകരം 'അന്നുബൂവ്വത്തു ഫിൽ ഇസ്ലാം' എന്ന പുസ്തകം ലഭിച്ചു. അതുമെടുത്ത് വീട്ടിലെത്തി. അതുമുഴുവൻ വായിച്ചുതീർത്തു. അതോടെ സത്യം സ്വീകരിക്കാൻ മനസ്സ് പാകപ്പെട്ടുകഴിഞ്ഞിരുന്നു.

ബയ്അത്ത് ചെയ്യാനുള്ള ആഗ്രഹം അബൂബക്കർ സാഹിബ് ഒളിച്ചുവച്ചില്ല. മൊയ്തീൻ സാഹിബിനോടത് പറഞ്ഞു. കോഴിക്കോട് പോയി കാര്യം സാധിക്കാമെന്ന് മൊയ്തീൻ സാഹിബ് പറഞ്ഞു.

ആ സന്ദർഭത്തിൽ കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു യോഗം സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. അതിൽ പങ്കെടുത്ത് ബയ്അത്ത് ചെയ്യാമെന്നാണ് മൊയ്തീൻ സാഹിബ് പറഞ്ഞത്. മർഹൂം എ.പി. കുഞ്ഞാമു സാഹിബായിരുന്നു അന്നത്തെ കോഴിക്കോട് ഖാഇദ്. യോഗത്തിൽ പങ്കെടുക്കാനും ബയ്അത്ത് ചെയ്യാനും അബൂബക്കർ സാഹിബ് കോഴിക്കോട്ടെത്തി. അങ്ങനെ 1952-ൽ അദ്ദേഹവും മർക്കരയിലെ മറ്റു നാലുപേരും ബയ്അത്ത് ചെയ്തു. വലിയ മൗലവി സാഹിബാണ് ബയ്അത്ത് വാചകങ്ങൾ ചൊല്ലിക്കൊടുത്തത്. അന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ യോഗത്തോടനുബന്ധിച്ച് ഒരു ജാഥ സംഘടിപ്പിച്ചിരുന്നു. അതിൽ പങ്കെടുത്തു. ഇതൊരു വടകരക്കാരൻ കണ്ടതോടെ കാര്യം വീട്ടിലെത്തി.

അഹ്മദിയ്യായതിനുശേഷം വടകരയിൽ പോകുന്നതിനു പകരം നാടുവിടാനാണ് തീരുമാനിച്ചത്. ഈ കാര്യം ഖാഇദ് സാഹിബിനോട് പറഞ്ഞു. പക്ഷേ, അദ്ദേഹം അത് നിരുത്സാഹപ്പെടുത്തി നാട്ടിലേക്കുതന്നെ അയച്ചു. തുടർന്ന് തറവാട്ടിലെത്തി. മുമ്പത്തേക്കാളേറെ നമസ്കാരവും മറ്റു ഇസ്ലാമിക ആചാരങ്ങളും അബൂബക്കർ സാഹിബ് അനുഷ്ഠിക്കാൻ തുടങ്ങിയത് വീട്ടുകാർ ശ്രദ്ധിക്കാതിരുന്നില്ല.

കോഴിക്കോടുനിന്നും തിരിച്ചെത്തി വീട്ടിൽ വിശ്രമിക്കുന്നതിനിടെ ഉപ്പ വന്നെത്തി. മകൻ 'ഖാദിയാനി' ആയ വിവരം നേരത്തേ തന്നെ മനസ്സിലാക്കിയ പിതാവ് നേരെ മകനെ സമീപിച്ചു. ഉപ്പയുടെ ചോദ്യം 'നീ ഖാദിയാനിയായി എന്നു പറയുന്നത് കേട്ടു ശരിയാണോ?' അതെ. അബൂബക്കർ സാഹിബ് മറുപടി നൽകി. ഉടനെ പിതാവിന്റെ പ്രതികരണം വന്നു. 'ഉടൻ വീട്ടിൽ നിന്നും ഇറങ്ങിക്കോളണം'

അന്നുരാത്രി 12 മണിക്ക് വീടുവിട്ടിറങ്ങി. നാദാപുരത്തെത്തുകയാണ് ലക്ഷ്യം. രാത്രി വടകരയിലെ ഒരു പള്ളിയിൽ തങ്ങി. കയ്യിൽ യാതൊന്നുമില്ല. ബസ്സിൽ കയറാൻ പൈസയുമില്ല. രാവിലെ പള്ളിയിൽനിന്നും ഇറങ്ങി നടന്നു. നാദാപുരത്തെത്തി. അവിടെ ഒരു അഹ്മദിയുണ്ട് (പേര് അദ്ദേഹം ഓർമ്മിക്കുന്നില്ല). അദ്ദേഹത്തോട് കാര്യങ്ങൾ പറഞ്ഞു. 'ഇവിടെ ഈ കാര്യം ആരോടും പറയരുത്' പ്രസ്തുത അഹ്മദി അബൂബക്കർ സാഹിബിനെ ഓർമ്മപ്പെടുത്തി. അവിടെനിന്നും തിരിച്ച് വടകരയിലെത്തി. നേരെ മൊയ്തീൻ സാഹിബിന്റെ വീട്ടിലെത്തി. അദ്ദേഹം അബൂബക്കർ സാഹിബിന് ഒരു രൂപ നൽകി. വീണ്ടും നടത്തം തുടർന്നു. നടന്നുനടന്ന് കൊയിലാണ്ടിയിലെത്തി. അവിടെ അബൂബക്കർ സാഹിബിന്റെ ഒരു ബന്ധു ഉണ്ട്. 'ബലീക്കാക്ക' എന്ന് വിളിച്ചിരുന്ന ബന്ധുവിനെ സന്ദർശിച്ചു. അദ്ദേഹം കുറച്ച് രൂപാ നൽകി. ഉടനെ തീവണ്ടിയാപ്പീസിലെത്തി. ടിക്കറ്റെടുത്ത് കോഴിക്കോട്ടേക്ക് വണ്ടികയറി. നേരെ ദാറുസ്സലാമിലെത്തി.

അവിടെ മൗലവി അബുൽ വഫാ സാഹിബിന്റെ കൂടെ താമസിച്ചു. അദ്ദേഹം വാങ്ങിക്കൊടുത്ത വസ്ത്രവും അദ്ദേഹം നൽകിയ ഭക്ഷണവും കൊണ്ട് അബൂബക്കർ സാഹിബ് ദിവസങ്ങൾ തള്ളിനീക്കി. ഇരുപത് ദിവസം അങ്ങനെ കടന്നുപോയി. തൊഴിലന്വേഷിച്ചെങ്കിലും ലഭിച്ചില്ല. തുടർന്ന് കരുനാഗപ്പള്ളിയിലെ ആയഞ്ചേരി അഹ്മദ് റശീദ് സാഹിബിന്റെ വീട്ടിലെത്തി. (അദ്ദേഹം നേരത്തേതന്നെ അബൂബക്കർ സാഹിബിന്റെ ഉസ്താദായിരുന്നു)

കരുനാഗപ്പള്ളിയിൽ 15 ദിവസത്തോളം താമസിച്ചു. നേരെ പഴയങ്ങാടിയിലെത്തി. അവിടെ വലിയ മൗലവി സാഹിബുണ്ട്. അദ്ദേഹം ജോലിക്കുവേണ്ടി പി.പി. കമാലുദ്ദീൻ സാഹി

*(ശേഷം 8-ാം പേജിൽ)*

# പുതിയ വനിതാ വീക്ഷണം

**ഇ**റാനിലുണ്ടായിരുന്ന ഷാ ഭരണം ഏറെക്കുറെ മുഴുവനായും പാശ്ചാത്യവല്കൃതമായിരുന്നു. ഈ ഭരണം തദ്ദേശീയർക്ക് പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തുമിരുന്നു. എന്നാൽ, ഖുമൈനിയുടെ ഇസ്ലാമികവിപ്ലവം ഈയവസ്ഥയെ പാടെ മാറ്റിമറിച്ചു. ഇറാനിലെ സ്ത്രീപക്ഷവാദികൾ ഖുമൈനിയുടെ നയങ്ങളെ പ്രതിരോധിച്ചിട്ടുണ്ട്. സ്ത്രീസ്വാതന്ത്ര്യത്തിന്റെ അന്ത്യമായിട്ടാണ് ഇറാനിലെ പുതിയ ഭരണവ്യവസ്ഥയെ ഇവർ വിലയിരുത്തിയത്. ഇത്തരമൊരു കാഴ്ചപ്പാടുമായി വാർത്താലോകത്ത് ഇടം കണ്ടെത്തുകയാണ് ഇറാനിയൻ സിനിമാ സംവിധായികയും സാഹിത്യകാരിയുമായ മർജേന സത്രപി. സത്രപി ആഘോഷിക്കപ്പെടുമ്പോൾ, ഇറാൻ ഗവർമ്മെന്റ് അതിനെ മറ്റൊരു വഴിയിലൂടെ എതിർക്കുന്നുമുണ്ട്.

മുപ്പത്തഞ്ചുകാരിയായ മർജേന സത്രപി ടെഹ്റാനിൽ ജനിച്ച് ഓസ്ട്രിയായിൽ വിദ്യാഭ്യാസം നേടിയ വനിതയാണ്. അനിമേഷൻ ചിത്രങ്ങൾ നിർമ്മിക്കുകയും, കുട്ടികൾക്കായി ഒട്ടനവധി പുസ്തകങ്ങൽ രചിക്കുകയും ചെയ്തിട്ടുണ്ട്. ഇറാനിയൻ സിനിമലോകനിലവാരത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുമ്പോൾ തന്റെ ഹ്രസ്വചിത്രങ്ങൾ ഇറാനിലെ സ്ത്രീവിരുദ്ധ പ്രവണതകളെ തുറന്നുകാണിക്കുന്നതാണെന്ന് സത്രപി വിലയിരുത്തുന്നു. ഭരണകൂടത്തിനെതിരെയുള്ള രൂക്ഷമായ ആക്ഷേപശരങ്ങൾ സത്രപിയുടെ നോവലുകളിലും സിനിമകളിലും നിറഞ്ഞുനില്ക്കുന്നുണ്ട്.

സ്വാഭാവികമായും ഇറാനിൽനിന്ന് പാശ്ചാത്യലോകത്തോട് താദാത്മ്യം പ്രാപിക്കാനെത്തിയ സത്രപിയെ പാശ്ചാത്യമാധ്യമങ്ങൾ ആഘോഷപൂർവ്വമാണ് കൊണ്ടാടുന്നത്. ഇസ്ലാമിക വിരുദ്ധവും, ഇറാൻവിരുദ്ധവുമായ ഉപക്ഷേപങ്ങൾ കാണുന്ന സത്രപിയുടെ പുസ്തകങ്ങളെ ആയുധമാക്കുകയാണ് മാധ്യമങ്ങൾ. തന്നെ ഇറാന്നെതിരായി ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന ബോധ്യം സത്രപിയ്ക്ക് വ്യക്തമായിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ലോകമൊട്ടുക്കും നടക്കുന്നത് ബുദ്ധിയുള്ളവരും, ഇല്ലാത്തവരും തമ്മിലുള്ള യുദ്ധമാണ്. അമേരിക്കയിലായാലും, ഇതര സ്ഥലങ്ങളിലായാലും ജനതയെ വിഡ്ഢികളാക്കാനുള്ള സത്വരശ്രമങ്ങൾ സംഭവിക്കുന്നുവെന്നാണ് ഈ വനിതാ സാഹിത്യകാരിയുടെ അഭിപ്രായം.

# അഭയാർത്ഥികൾ പെരുകുന്നു.....

**നോ**ർവീജിയൻ റഫ്യൂജി കൗൺസിലിന്റെ കണക്കനുസരിച്ച് ആഭ്യന്തരമായി അഭയാർത്ഥികളാക്കപ്പെടുന്നവർ ഏകദേശം 24.5 ദശലക്ഷം ആളുകളോളം വരും. ഈ കണക്കനുസരിച്ച് സ്വദേ



ശത്ത് നടക്കുന്ന കലഹങ്ങളാലും രാഷ്ട്രീയ അഭിപ്രായത്തിന്റെ പേരിലുള്ള പീഢനങ്ങളാലും അന്യദേശങ്ങളിലേക്ക് ചേക്കേറുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കൗൺസിലിന്റെ റിപ്പോർട്ടനുസരിച്ച് ഇറാക്കിൽനിന്നു മാത്രം 16,34,280 ആളുകളാണ് അഭയാർത്ഥി



കളായി ചുരുങ്ങിയ കാലം കൊണ്ട് മാറിയിട്ടുള്ളത്. മറ്റുള്ള രാജ്യങ്ങളിലെ അഭയാർത്ഥികൾ ഇങ്ങനെയാണ്-

സുഡാൻ- 6,86,000

സോമാലിയ, കോംഗോ, ബറൂണ്ടി- 12,00,000

ശ്രീലങ്ക- 3,54,811

സിയറാലയോൺ- 60550

അമേരിക്ക- 5,49,083

ഇതുകൂടാതെ സിറിയയിലും ലെബനനിലും ഏറെക്കുറേ 10 ലക്ഷത്തോളം പേർ രാഷ്ട്രീയ അഭയം തേടിയിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലെ വർദ്ധിച്ചുവരുന്ന വംശീയ രാഷ്ട്രീയ പ്രശ്നങ്ങൾ ഈ മേഖലയിൽ അഭയാർത്ഥി പ്രവാഹത്തെ വർദ്ധിപ്പിക്കുന്നു. ഫലസ്തീനിലേയും ജോർഡാനിലേയും അഭയാർത്ഥി കേമ്പുകൾ ഇതിനൊക്കെപ്പുറമേയാണ്. ദാർഫർ തുടങ്ങിയ ഇടങ്ങളിൽ അഭയാർത്ഥി കേമ്പുകളിലെ ശോചനീയമായ സാഹചര്യങ്ങൾ അതീവ ദയനീയംതന്നെ.

അഭയാർത്ഥിപ്രവാഹത്തിന് കാലാവസ്ഥാ വ്യതിയാനങ്ങളും കാരണമാകുന്നുണ്ട്. ജലവിഭവ ദാരിദ്ര്യം ഇത്തരത്തിൽ വലിയ പ്രശ്നമാകുന്നു. സ്വാഭാവികമായും ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലാണ് ഈ പ്രശ്നം രൂക്ഷമാകാൻ സാധ്യതയുള്ളത്. എന്തായാലും 2050 ആകുമ്പോഴേക്കും അഭയാർത്ഥികളുടെ എണ്ണം 100 കോടി കവിയുമെന്ന് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് മൈഗ്രേഷൻ (IOM) കണക്കാക്കുന്നു. ഭക്ഷണദൗർലഭ്യവും അഭയാർത്ഥി പ്രവാഹത്തിന് കാരണമാകുന്നു.

ഇപ്പറഞ്ഞ കണക്കുകൾ മിക്കതും നിയമപരമായ കണ്ടെത്തലുകളിലൂടെ കണക്കാക്കപ്പെട്ട അഭയാർത്ഥികളുടെ സംഖ്യയാണ്. എന്നാൽ, ഇതിലും എത്രയോ കൂടുതലാണ് നിയമവിരുദ്ധമായ കുടിയേറ്റം. യു.എൻ നിർവചനമനുസരിച്ച് അഭയാർത്ഥി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു സാമൂഹികഗ്രൂപ്പിലെ അംഗമെന്ന നിലയിലോ രാഷ്ട്രീയാഭിപ്രായത്തിന്റെ പേരിലോ പീഢിപ്പിക്കപ്പെടുമെന്ന അടിയുറച്ച ഭയത്തിന്റെ പേരിൽ ജന്മനാട്ടിൽനിന്ന് പുറത്താകുകയോ ആ ഭയത്തിന്റെ പേരിൽ ആ രാജ്യത്തിന്റെ സംരക്ഷണം സ്വീകരിക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന ആൾ എന്നാണ്. എന്നാൽ, ഈ നിർവചനത്തിനുമപ്പുറം പലതരത്തിലുള്ള പ്രശ്നങ്ങളാൽ വലയുന്ന ദശലക്ഷങ്ങളാണ് ലോകത്തെമ്പാടുമുള്ള അഭയാർത്ഥി കേമ്പുകളിൽ നരകിക്കുന്നത്.



ഇറാക്ക് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇന്നത്തെ അവസ്ഥയിൽ കൂടുതൽ അഭയാർത്ഥികൾ ചുറ്റുപാടുമുള്ള രാജ്യങ്ങളിലേക്ക് കുടിയേറാനാണ് സാധ്യത. പാക്കിസ്ഥാനിൽ തന്നേയും വടക്കുകിഴക്കൻ പ്രവിശ്യകളിൽനിന്ന് ഇതര പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ സാധ്യത തള്ളിക്കളഞ്ഞുകൂടാ.

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# ദാർഫറിലെ രക്തം

സമകാലിന ലോകത്തിന്റെ ശ്രദ്ധയുടെ അരികിൽ വലിയ വേദനയാകുന്നു ദാർഫർ. ആഫ്രിക്കയിൽ സുഡാനിലെ ഈ ഭൂപ്രദേശത്ത് 2003 മുതലിങ്ങോട്ട് പൊലിഞ്ഞത് 10 ലക്ഷത്തിലധികം മനുഷ്യജീവനാണ്. വംശീയ വൈരവും, ഗോത്രവിരോധവും ആഫ്രിക്കൻ ഊഷരഭൂമികളിലെന്നും വലിയ പ്രശ്നമാകാറുണ്ട്. ഇവിടെ ദാർശനികമായും പ്രായോഗികമായും പുതിയ മാനങ്ങൾ തേടുന്ന ദാർഫറിൽ മാനവികത ലോകത്തോട് വമ്പിച്ച ചോദ്യചിഹ്നമുയർത്തുന്നുണ്ട്. ഈ പോരാട്ടഭൂമിയിൽ 10 ലക്ഷത്തിലധികം പേർ അഭയാർത്ഥികളായി മാറിക്കഴിഞ്ഞു. ഇക്കൂട്ടത്തിൽ 2 ലക്ഷത്തിലധികം ആളുകൾ മറ്റൊരു ദരിദ്രരാഷ്ട്രമായ അയൽപക്കത്തെ ചാഡിൽ നരകിക്കുന്നുണ്ട്. 6000–10000 അഭയാർത്ഥികൾ ഇവിടുത്തെ കേമ്പുകളിൽ മാസംതോറും മരിച്ചുതീരുന്നു.

സുഡാനിലെ അറബ് ആഫ്രിക്കരും, ക്രിസ്ത്യൻ ആഫ്രിക്കരും തമ്മിലുള്ള തീക്ഷ്ണസംഘർഷത്തിന്റെ രണഭൂമിയത്രെ ദാർഫർ. അറബ് ആഫ്രിക്കരുടെ ഭൂരിപക്ഷം മുസ്‌ലിംകളും മറുപക്ഷം ക്രിസ്ത്യാനികളുമാണ്. സുഡാൻ ഭരണകൂടം സഹായിക്കുന്നുവെന്ന് പറയപ്പെടുന്ന ജൻജാവിദ് എന്ന ഭീകരസംഘടനയാണ് അക്രമങ്ങളുടെ പിറകിൽ. നരമേധത്തിന്റെ പുതിയ ആഫ്രിക്കൻ ഭാഷ്യമാണിവർ രചിക്കുന്നത്. ദാരിദ്ര്യം, കാലാവസ്ഥയിലെ കടുത്ത വ്യതിയാനങ്ങൾ, അഴിമതി തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ആഫ്രിക്കയിലെ മിക്ക രാജ്യങ്ങളേയും വലക്കുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ ജീവിതം ഇവിടെ നരകതുല്യമാകുന്നു. ഭക്ഷണം എന്നത് നിറമില്ലാത്ത സ്വപ്നം മാത്രമാണ് ഇവിടെയുള്ള മനുഷ്യർക്ക്.

ഈ പ്രശ്നത്തെ മറ്റൊരു കോണിലൂടെയാണ് അമേരിക്ക കാണുന്നത്. ആഗോളതലത്തിൽ അവരുയർത്തിക്കൊണ്ടുവരുന്ന ഇസ്‌ലാമിക ഭീകരതയുടെ തെളിവായി ദാർഫറിനെ അമേരിക്ക ഉയർത്തിക്കാട്ടുന്നു. ഇതുവഴി പല നേട്ടങ്ങളും അവർക്ക് സ്വന്തമാക്കാനാകും. ഒന്ന് സുഡാന്നെതിരായി നേടാവുന്ന ഉപരോധം. രണ്ട് അതുവഴി കിട്ടിയേക്കാവുന്ന വലിയൊരു എണ്ണശേഖരം. കുടിലവീക്ഷണങ്ങളുടെ മർമ്മരം അമേരിക്കയുടെ നീക്കങ്ങളിൽ മണത്തറിയാം.

ഇസ്‌ലാമിക രാജ്യങ്ങളുടെ സംഘടന (OIC) ഈ പ്രശ്നത്തിൽ എന്താണ് ചെയ്തത്? ലക്ഷക്കണക്കിന് വരുന്ന അഭയാർത്ഥികൾക്കു വേണ്ടി എന്തെങ്കിലും ചെയ്യുക എന്ന പരിമിതമായ കാര്യംപോലും ഇവർ ചെയ്യുന്നില്ല. വിശ്വാസപ്രശ്നങ്ങളുടേയും, ഇതര അന്തർദ്ദേശീയ ചർച്ചകളുടേയും തിരുവാഴ്ത്തുകൾ മാത്രം ഇത്തരം സംഘടനകൾ പുറപ്പെടുവിക്കുന്നു. കഷ്ടപ്പെടുന്ന ഒരു മുസ്‌ലിമിന്, ഒരു മനുഷ്യന് ഇവരൊക്കെ എന്താണ് നൽകുന്നത്? എന്തായാലും ദാർഫർ എന്ന പ്രദേശത്ത് ലക്ഷോപലക്ഷം വരുന്ന ജനതതി മരിച്ചുകൊണ്ടേയിരിക്കുന്നു. നമ്മുടെ കാലത്ത് സുഖലോലുപതയുടെ മറുതീരം ഇങ്ങനെയൊക്കെയാണെന്ന് അറിഞ്ഞിരിക്കാം, വെറുതെയാണെങ്കിലും.

# ലാൽ മസ്ജിദിലെ 'പാക്കിസ്ഥാൻ'

ലാൽ മസ്ജിദിലെ പാക്കിസ്ഥാൻ എന്താണ്? പാക്കിസ്ഥാനിലെ ഭൂരിപക്ഷജനത ലാൽ മസ്ജിദിലെ കോപ്രായങ്ങൾ അംഗീകരിക്കുന്നുണ്ടോ? ഈ ചോദ്യത്തിന് വലിയ പ്രസക്തിയുണ്ട്. ജനങ്ങളുടെ തീരുമാനിക്കാനുള്ള ശക്തി അവരുടെ ആത്മീയതലങ്ങളെ സ്പർശിക്കുന്ന ഒന്നാണ്. പാക്കിസ്ഥാനിലെ ജനത പലപ്പോഴും ഇത്തരമൊരു ആത്മീയ ഔന്നത്യം കാണിക്കുന്നില്ല. നിരന്തരം ആവർത്തിച്ചുവരുന്ന പട്ടാളഭരണങ്ങൾ ഇതിനുള്ള തെളിവാണ്. ലാൽ മസ്ജിദിന്റെ സ്വാഭാവികമായ പരിണാമം മാസങ്ങൾക്കുമുമ്പേ ലോകം പ്രതീക്ഷിച്ചിരുന്നു. ഗാസി സഹോദരന്മാർ നടത്തിയ മിക്ക നീക്കങ്ങളും നിയമത്തേയും, ഭരണത്തേയും വെല്ലുവിളിക്കുന്നതായിരുന്നു. ഇസ്‌ലാമാബാദിന്റെ തെരുവുകളിൽ ലാൽമസ്ജിദിലെ വിദ്യാർത്ഥികളും ജാമിയ ഹഫ്സയെന്ന വിദ്യാർത്ഥിനികളുടെ മദ്രസയിൽ നിന്നുള്ള പർദ്ദ ധാരിണികളുമൊക്കെ വലിയ കൈക്കരുത്ത് കാണിച്ചു. സി.ഡി. ഷോപ്പുകൾ തകർക്കൽ, വേശ്യാലയങ്ങൾ റെയ്ഡ് ചെയ്യൽ, പോലീസുകാരെ ബന്ദിയാക്കൽ... ഇങ്ങനെ അക്രമത്തിന്റെ സർവ്വരീതികളും ഇവർ പ്രകടിപ്പിച്ചു. ഇതിന്റെ മറുവശത്ത് ഗവർമ്മെന്റ് കടുത്ത സമ്മർദ്ദം നേരിടുകയായിരുന്നുവെന്നതാണ്. അമേരിക്ക തുടരെത്തുടരെ മുഷറഫിനോട് ആവശ്യപ്പെടുന്നത് മദ്രസകളുടെ ശുദ്ധീകരണത്തിനാണ്. ജസ്റ്റീസ് ചൗദ്ദരിയെ സസ്പെൻഡ് ചെയ്തത് വഴി കുഴപ്പങ്ങളുടെ ചക്രവ്യൂഹത്തിൽ നില്ക്കുന്ന മുഷറഫിന്റെ ചെയ്തികൾക്കാണെങ്കിൽ പഴയ വീര്യം കാണാനുമില്ല. അഞ്ചോ, ആറോ തവണ മസ്ജിദിനുള്ളിലുള്ളവർക്ക് കീഴടങ്ങാനുള്ള സമയപരിധി നീട്ടിയതുതന്നെ ഉദാഹരണം. ഗാസി അബ്ദുൽ റശീദ് ഇനി വലിയ രക്തസാക്ഷിയായി വാഴ്ത്തപ്പെട്ടേക്കാം. രക്ഷപ്പെടാനുള്ള അവസാനശ്രമം നടത്തിനോക്കിയിട്ടും പട്ടാളത്തിന്റെ വെടിയേറ്റുവീണ 'മഹാൻ' രക്തസാക്ഷി തന്നെയല്ലേ? അദ്ദേഹം ബലികൊടുത്ത നൂറുകണക്കിന് സ്ത്രീകളും കുട്ടികളും ഏത് കണക്കിലാണ് പെടുന്നത്? പർദ്ദയണിഞ്ഞ് രക്ഷപ്പെട്ട സഹോദരൻ അബ്ദുൽ അസീസ് ഗാസി സമാനതകളില്ലാത്ത ധീരനായി ഭാവിച്ചേക്കാം. ഒരർത്ഥത്തിൽ സമൂഹത്തിന്റെ ധാർമ്മികവും വിശ്വാസപരവുമായ ഉയർച്ച അതത് കാലത്തെ നല്ലവരേയും ചീത്ത ആളുകളേയും തിരിച്ചറിയുമ്പോഴാണ്. പാക്കിസ്ഥാനിലെ ജനക്കൂട്ടം (എന്തിനും വികാരപരമായി ചിന്തിക്കുന്ന) എന്നാണോ മുല്ലാരാജിന്റെ അർത്ഥമില്ലായ്മ തിരിച്ചറിയുന്നത്? ലാൽ മസ്ജിദിലെ 'പാക്കിസ്ഥാൻ' എങ്ങനെയാണ് പുറത്തുവരുന്നതെന്ന് അപ്പോഴറിയാം.

(7-ാം പേജിൽനിന്ന്)

തൊട്ടു പടച്ചതമ്പുരാൻ മലയാള മുസ്‌ലിമീങ്ങളായ നമ്മളെല്ലാവരേയും കാത്തു രക്ഷിക്കട്ടെ (ആമീൻ). കണ്ണൂരിൽ ഇപ്പോഴുള്ള ഇക്കൂട്ടർ ഈയിടെ അറബി വാചകത്തിൽ എന്തൊക്കെയോ എഴുതിയുണ്ടാക്കി ഖാദിയാൻ എന്ന രാജ്യത്തുപോയി അച്ചടിച്ചു കൊണ്ടുവന്നു. ഇതിന്റെ ഒരു പകർപ്പ് എനിക്കും അയച്ചുതന്നിട്ടുണ്ടുണ്ടായിരുന്നു. അത് നഹവും സർഫും കൂടി അറിവില്ലാത്ത ഒരു മൂഢൻ ഉണ്ടാക്കിയതുപോലെയിരിക്കുന്നു. അത് റദ്ദിനു ലായിഖല്ലാത്തതിനാലും അറബ് വാക്കിലായതുകൊണ്ട് ആമൂന്നാസിന് മനസ്സിലാകാത്തതായതിനാലും അതിനെപ്പറ്റി ഞാൻ ഒന്നും പ്രവർത്തിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ, ഇവർ മലയാള വാചകത്തിൽ എന്തോ ഒന്നുണ്ടാക്കി അച്ചടിച്ചു കൊണ്ടുപോയിട്ടുണ്ടെന്ന് എന്റെ ചില സ്നേഹിതന്മാർ എന്നോടു വന്നുപറഞ്ഞു. അപ്പോൾ അച്ചുകാരന്റെ അടുക്കൽ ആളെ അയച്ചു അച്ചടിച്ച കുറേ കണ്ടങ്ങൾ കിട്ടി. വായിച്ചു നോക്കിയപ്പോൾ അതിൽ പറഞ്ഞിട്ടുള്ളത് അവരുടെ ദഅ്‌വാകളിൽവച്ച് ഒന്നാമത്തേതും മറ്റുള്ള എല്ലാ ദഅ്‌വാകൾക്കും അടിസ്ഥാനവുമായ ഈസാനബി (അലൈഹിസ്സലാം) തങ്ങൾ മൗത്തായിരിക്കുന്നു എന്ന ദഅ്‌വായെ പറ്റിയാകുന്നു. ഈ ദഅ്‌വായെ സുബൂത്താക്കൽ ഇവർക്ക് ഏറ്റവും മുഖ്യവിഷയമായിട്ടുള്ളതാണ്. ഇതിന്മേലാണ് ഇവരുടെ എല്ലാ അഖീദകളും നിൽക്കുന്നത്. അതുകൊണ്ടാണ് ഇവർ ഇതിന് സുബൂത്താക്കേണ്ടതിന്നു ഇത്ര തുനിഞ്ഞുനടക്കുന്നത്. എന്തെല്ലാം രേഖകളെയാണ് ഇവർ ഉണ്ടാക്കിത്തീർക്കുന്നു എന്നും കെട്ടുകെട്ടുന്നു എന്നും കണക്കില്ല. പ്രിയ സഹോദരന്മാരേ, നല്ലവണ്ണം മനസ്സിരുത്തി വായിക്കേണമേ. ഇവർ ഇതിൽ പറഞ്ഞിട്ടുള്ള രേഖകളിൽ ചിലതെല്ലാം തീരെ ഇല്ലാത്തതും മറ്റു ചിലത് അർത്ഥം മറിച്ചും ഇബാറത്തുകൾ മറച്ചും തിരിച്ചും ആദിയിൽ നിന്നോ നടുവിൽ നിന്നോ ഒടുവിൽ നിന്നോ ഇബാറത്തുകളെ ഉപേക്ഷിച്ചും ഹക്കിനെ മറച്ചുവെച്ചും ഇങ്ങനെ പലവിധേനയുള്ള കൃത്രിമങ്ങളും ഉൾച്ചതികളും ചെയ്യപ്പെട്ടതുമാകുന്നു. ഇവർക്കുള്ള എല്ലാ കൃത്രിമങ്ങളേയും ഉൾച്ചതികളേയും എല്ലാവർക്കും ഗ്രഹിക്കത്തക്കവണ്ണം വെളിവാകുന്നതായ ഒരു റദ്ദിനെ ഞാൻ തയ്യാറാക്കുന്നുണ്ട്. ആ റദ്ദിൽ ഇവർ പറഞ്ഞതായ എല്ലാ ബാത്തിലുകളേയും നല്ലവണ്ണം പൂർത്തിയായ ദലീലുകളെക്കൊണ്ട് ബാത്തിലാക്കുകയും ഹക്കിനെ സൂര്യൻ പ്രകാശിച്ചതുപോലെയുള്ള രേഖകളെക്കൊണ്ട് ഉറപ്പിക്കുകയും ചെയ്യുന്നുതാണ്.* ആ റദ്ദിനെ നോക്കുന്നതിനു മുമ്പായി ഈ മണ്ണാത്തൻ വലയിൽ കുടുങ്ങി ചതിപ്പെട്ടുപോകാതെ ഇരിപ്പാൻ അപേക്ഷ. ഖാദിയാനിവർഗ്ഗക്കാരുടെ എല്ലാ അഖീദകളേയും എല്ലാ ശുബ്ഹാത്തുകളേയും തൃപ്തിയാകുംവണ്ണം റദ്ദ് ചെയ്യുവാനായി ഞാൻ ഇതാ അരയും മുറുക്കി ഒരുങ്ങി നിൽക്കുന്നു.**

എന്ന്,
തിരൂരങ്ങാടി ചാലിലകത്ത് മൗലവി കുഞ്ഞിഅഹ്മദ് ഹാജി.

## മസീഹ്മൗഊദിന്റെ രണ്ട് സഹാബാക്കൾ



ഹ: ഡോ. മുഹമ്മദ് ബഖ്ശ് (റ)



ഹ:ഡോ. മുഹമ്മദ് ഇസ്മാഈൽ(റ)

## സൃഷ്ടികൾ ക്ഷണിക്കുന്നു

അൽഹഖിലേക്ക് മൗലികമായ ലേഖനങ്ങൾ, കവിത, തുടങ്ങിയവ ക്ഷണിക്കുന്നു.

അയക്കേണ്ട വിലാസം:
എഡിറ്റർ, അൽഹഖ്,
C/o. അഹ്മദിയ്യാ
മുസ്‌ലിം കോംപ്ലക്സ്,
ഫോർട്ട് റോഡ്,
കണ്ണൂർ–1.

(7-ാം പേജിൽനിന്ന്)

ബിന് ഒരു കത്ത് നൽകി. പഴയങ്ങാടി ജമാഅത്തിലെ അന്നത്തെ മാൽ സെക്രട്ടറിയായിരുന്നു റഫീഖ് സാഹിബ് പഞ്ചാബിയുടെ കൂടെ ജോലിക്ക് നിന്നു. അവിടെ ഒന്നരവർഷം. തുടർന്ന് ബോംബെയിലെത്തി. അവിടെ ബീഡിക്കട നടത്തുകയായിരുന്ന അബ്ദുൽ കരീം സാഹിബിനെ സന്ദർശിച്ചു. ഖാദിയാനിലെത്താനുള്ള ആഗ്രഹം അദ്ദേഹത്തെ അറിയിച്ചു. അതിന്നായി ഹൈദരബാദിലെത്തി. അവിടെനിന്നും യൂസുഫ് അലാവുദ്ദീൻ സാഹിബിന്റെ കൂടെ ഖാദിയാനിലെത്തി.

ഖാദിയാനിൽ അതിഥിമന്ദിരത്തിൽ താമസിച്ച് ഉറുദു പഠിച്ചു. അന്നവിടെ മദ്രസ ഉണ്ടായിരുന്നില്ല. ഇബ്റാഹിം സാഹിബ് എന്നൊരാളിൽ നിന്നും ഖുർആനും പഠിച്ചു. തുടർന്ന് തഅ്ലിമുൽ ഇസ്‌ലാം സ്കൂളിൽ അധ്യാപകനായി. ഖാദിയാനിലെ താമസക്കാലത്ത് വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ വായിച്ചു. അവിടെനിന്നും നാട്ടിലുള്ള പിതാവിന് കത്തെഴുതിക്കൊണ്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല.

ഈ കാലമത്രയും ഉമ്മ കാത്തിരിക്കുകയായിരുന്നു. മകന്റെ വരവുംകാത്ത്. കുറച്ചുകാലങ്ങൾക്കുശേഷം അബൂബക്കർ സാഹിബ് ഖാദിയാനിൽനിന്നും ആരോടും പറയാതെ നാട്ടിലേക്കു പുറപ്പെട്ടു. വടകരയിലെത്തി. ഇതിനിടെ പിതാവ് ജമാഅത്തുമായി അടുത്തു കഴിഞ്ഞിരുന്നു. അബൂബക്കർ വടകര ജമാഅത്തിൽ പോയിതുടങ്ങി. അദ്ദേഹത്തിന്റെ പിതാവും പിന്നീട് മാതാവും ബയ്അത്ത് ചെയ്തു. അഹ്മദിയായതോടെ പിതാവ് തഹജ്ജുദ് നമസ്കാരം ആരംഭിച്ചു. ഇത് വീട്ടുകാർ ശ്രദ്ധിച്ചു. അവർക്ക് കാര്യം മനസ്സിലായി. അബ്ദുല്ല ഹാജിയും ഖാദിയാനിയായിരിക്കുന്നു. അവർ ഉറച്ചു. വീട്ടുകാർ അദ്ദേഹത്തോട് ആരാഞ്ഞു 'നിങ്ങളും മകനെപോലെ ആയോ?'

അബൂബക്കർ സാഹിബ് കുറച്ചുകാലം നാട്ടിൽ തങ്ങി. തുടർന്ന് ഷിമോഗയിലെത്തി. അവിടെ 5 വർഷക്കാലം ജോലി ചെയ്തു. അബൂബക്കർ സാഹിബിന്റെ രണ്ട് സഹോദരികളൊഴികെ കുടുംബം മുഴുവൻ അഹ്മദികളായി. അതോടെ എതിർപ്പും രൂക്ഷമായി. കല്ലേറിയലും ഒറ്റപ്പെടുത്തലും വന്നു. ഇതിനിടെ നാട്ടുകാർ ചേർന്ന് ഒരു മൗലവിയെ വീട്ടിലെത്തിച്ചു. വഴിതെറ്റിയവരെ നേർവഴിയിലാക്കാൻ. അബ്ദുൽഖാദർ മുസ്ല്യാർ എന്നയാളാണ് വന്നത്. ഏറെ നേരം സംസാരിച്ചു. ഒടുവിൽ അയാൾ തോറ്റുപിന്മാറി.

അബൂബക്കർ സാഹിബ് വടകരയിൽ വീണ്ടുമെത്തി. കച്ചവടം തുടങ്ങി. പക്ഷേ, പരാജയപ്പെട്ടു. ഒരു പെങ്ങളെ അമീറലി സാഹിബ് വിവാഹം ചെയ്തതോടെ ഈ കുടുംബം ജമാഅത്തിലെ ഒരു പ്രധാന കുടുംബമായി മാറി. ഇപ്പോൾ അബൂബക്കർ സാഹിബ് മഞ്ചേശ്വരത്ത് വിശ്രമജീവിതം നയിച്ചുവരുന്നു. അദ്ദേഹത്തിന് രണ്ടു ഭാര്യമാരിലായി അഞ്ചു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. രണ്ടാമത്തെ ഭാര്യയിലുള്ള ഏക മകൻ അൻവർ സാഹിബ് മുഅല്ലിമായി പ്രവർത്തിച്ചു വരുന്നു.

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.